# കേരളത്തിലെ ഗോത്രവർഗ്ഗ സ്വാതന്ത്ര്യ സമര സേനാനികളും എഴുതപ്പെടാതെപോയ ചരിത്രങ്ങളും



ഇന്ദു മേനോൻ
രസ്ന പി.

Scanned with CamScanner

**കേരളത്തിലെ ഗോത്രവർഗ്ഗ സ്വാതന്ത്ര്യസമര സേനാനികളും എഴുതപ്പെടാതെ പോയ ചരിത്രങ്ങളും**

ചരിത്രം / നരവംശ ശാസ്ത്രം/ ഗോത്രപഠനം

എഡിറ്റർ : ഇന്ദു മേനോൻ

KIRTADS

www.kirtads@kerala.gov.in

9 788193 676530

₹450/-

കേരള പട്ടികജാതി പട്ടികവർഗ്ഗ ഗവേഷണ പരിശീലന വികസന പഠനവകുപ്പ് (കിർടാഡ്സ്)
Phone: (0495) 2357329, 2356805
Website: www.kirtads.kerala.gov.in
E-mail: kirtads@gmail.com

Scanned with CamScanner

# കേരളത്തിലെ ഗോത്രവർഗ്ഗ സ്വാതന്ത്ര്യസമരസേനാനികളും എഴുതപ്പെടാതെ പോയ ചരിത്രങ്ങളും

*അസി. എഡിറ്റർ*
***രസ്ന പി.***

*എഡിറ്റർ*
***ഇന്ദു മേനോൻ***

Scanned with CamScanner

*Malayalam & English Language*
*Keralathile Gothravarga Swathanthrya Samara Senanikalum*
*Ezhuthapedathe Poya Charithrangalum*
കേരളത്തിലെ ഗോത്രവർഗ്ഗ സ്വാതന്ത്ര്യസമര സേനാനികളും
എഴുതപ്പെടാതെ പോയ ചരിത്രങ്ങളും

*Edited by*
Indu Menon

*Assistant Editor*
Rasna P

*(c) Rights Reserved*

*First Published 2019*

*Publishers*
Director, KIRTADS
Chevayur PO, Kozhikode 673017
Kerala State, India

*Distributors*
Director, KIRTADS
Chevayur PO, Kozhikode 673017

*No parts of this publication may be reproduced or transmitted in any form or by any means, without prior written permission of the publisher.*

*ISBN: 97-881-936765-3 Price Rs. 450/-*
*Cover Design: Prathush*
*Page Set: Vimala Aravind*
*Proof:* Najla
*Layout: Shylesh Digital Image Clt*
*Printed by: C Apt, Kozhikode*

Scanned with CamScanner

## ഉള്ളടക്കം


രക്തം കറുപ്പിച്ച ചരിത്രങ്ങൾ
- ഡോ. പി. പുകഴേന്തി ഐ.എഫ്.എസ്. 07

കേരളത്തിന്റെ ഗോത്രവർഗ്ഗ സ്വാതന്ത്ര്യ സമരങ്ങൾ;
സമഗ്രാവലോകനം
- ഇന്ദു മേനോൻ 09

ഭാഗം 1

വയനാടൻ ഗോത്രവർഗ്ഗ സ്വാതന്ത്ര്യസമരങ്ങൾ 31

1. പഴശ്ശി സമരങ്ങൾ

1. പഴശ്ശി സമരങ്ങളും ഗോത്രവർഗ്ഗങ്ങളും
- ഡോ. കെ.കെ.എൻ. കുറുപ്പ് 32
2. ആദ്യകാല കീഴാള ചെറുത്തുനിൽപുകൾ, മലബാർ
- ഡോ. കെ. ഗോപാലൻകുട്ടി 36
3. പഴശ്ശിയുടെ മഹത്വത്തിന് മാനദണ്ഡമേത്?
- പ്രൊഫ. കെ.എം. ബഹാവുദ്ദീൻ 39
4. ഗോത്രജനതയും
ഇംഗ്ലീഷ് കോളനി വിരുദ്ധ സമരങ്ങളും
- ഡോ. ജോസഫ് സ്കറിയ 49
5. സ്വാതന്ത്ര്യസമരചരിത്രത്തിലെ നഷ്ടപ്പെട്ട താളുകൾ
- ഡോ. അസീസ് തരുവണ 63
6. അത് ആദിവാസികളുടെ കാർഷിക കലാപമാണ്,
പഴശ്ശിയുടേതല്ല
- ആർ.കെ. ബിജുരാജ് 73
7. ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിൽ ആദിവാസി
ജനതയുടെ പങ്ക്
- ഏച്ചോം ഗോപി 87
8. പഴശ്ശി സമരവും വയനാട്ടിലെ ഗോത്രവർഗ്ഗങ്ങളും
- ഷുമൈസ് യു. 90
9. സ്വാതന്ത്ര്യത്തിന്റെ യുദ്ധവഴികൾ; ചുരങ്ങളും
പാതകളും ഗോത്രസമര കാലത്ത്
- ശബരിനാഥ് സി. 102
10. ഗോത്ര സമരങ്ങളിലെ ഇംഗ്ലീഷ് സാന്നിധ്യങ്ങൾ
- സുകന്യ ജി. 111




Scanned with CamScanner

**2. 1912ലെ കലാപം**
1. 1812ലെ കുറിച്ച്യ കലാപം – ഡോ. ടി.കെ. രവീന്ദ്രൻ 117
2. 1812ലെ കലാപം – മുണ്ടക്കയം ഗോപി 129

**3. വയനാട്ടിലെ സ്വാതന്ത്ര്യസമരവീരന്മാർ**
1. യോഗിമൂല മാച്ചാൻ – ഇന്ദു മേനോൻ 142
2. തലക്കൽ ചന്തു – ഇന്ദു മേനോൻ 144

**4. ചരിത്രത്തിൽ രേഖപ്പെടുത്താത്ത ഗോത്രവീരർ**
1. എടത്തന കുങ്കൻ – ജയേഷ് സി., ജെയ്സൽ യു. 150
2. എടപ്പിടി പണിക്കർ കാരണവർ
– ജെയ്സൽ യു., ജയേഷ് സി. 152
3. പുതിയിടത്ത് കോമ്പിൽ ചന്തു – ജെയ്സൽ യു. 153

**5. വയനാടൻ സ്വാതന്ത്ര്യസമരത്തിലെ ഗോത്രസമുദായങ്ങൾ**
1. മുള്ളുക്കുറുമൻ – നിമ്യ ജോസഫ് 156
2. കുറിച്ച്യൻ – രസ്ന പി. 162

**6. സ്വാതന്ത്ര്യസമര വീരർ പുരാവൃത്തമുഖം**
1. പാട്ടിലെ പഴശ്ശിരാജ – ഹരിദാസൻ 170
2. പഴശ്ശിയുടെ കോട്ടതേടി, വയനാടൻ വനത്തിനുള്ളിൽ
– എച്ച്. ഹരികൃഷ്ണൻ 177

**ഭാഗം 2**

**പിൽക്കാല വയനാടൻ സ്വാതന്ത്ര്യസമരപ്രവർത്തനങ്ങൾ** 181

1. ഗാന്ധിജിയുടെ വയനാട് സന്ദർശനവും ആദിവാസി
ഹരിജനോദ്ധാരണ പ്രവർത്തനങ്ങളും
– ഡോ. കെ. അനൂപ് തങ്കച്ചൻ 182

**ഭാഗം 3**

**കാസർഗോഡൻ ഗോത്രവർഗ്ഗ സ്വാതന്ത്ര്യസമരങ്ങൾ** 187

1. എളേരി നെല്ലെടുപ്പും കയ്യൂർ കാർഷിക സമരങ്ങളും
കാസർഗോട്ടെ മാവില ഗോത്രവർഗ്ഗക്കാരുടെ പങ്ക്
– എം. നാരായണൻ 188



Scanned with CamScanner

2. കല്ലളൻ വൈദ്യർ: പാർശ്വവത്ക്കരിക്കപ്പെട്ട വിപ്ലവകാരി
- ഡോ. സി. ബാലൻ 193
3. സ്വാതന്ത്ര്യസമര നേതാക്കന്മാർ: കല്ലളൻ വൈദ്യർ
- ഇന്ദു മേനോൻ 201
4. സ്വാതന്ത്ര്യ സമരത്തിൽ ഗോത്രവർഗ്ഗത്തിന്റെ പങ്ക്
- ശ്യാംജിത്ത് 203
5. കാസർഗോഡൻ സ്വാതന്ത്ര്യസമരത്തിലെ ഗോത്രവർഗ്ഗ സമുദായങ്ങൾ: മാവിലൻ
- ധന്യ കെ. 211

**ഭാഗം 4**

ഇന്ത്യയുടെ ഗോത്രവർഗ്ഗ സ്വാതന്ത്ര്യസമരങ്ങൾ 217
1. ഇന്ത്യൻ സ്വാതന്ത്ര്യസമരവും ആദിവാസിസമൂഹവും
- കെ. സഹദേവൻ 218

**ഭാഗം 5**

**ഇംഗ്ലീഷിലെ ലേഖനങ്ങൾ** 241
1. The Kurichyar and The Pazhassi Rebellion
- Dr. MGS Narayanan 242
2. Discourses on Pazhassi Raja and Nationalism in Kerala: A Contemporary Critique
- Dr. M P Mujeeb Rehman 251
3. Historic Alleys
- Manmadhan Ullattil 262
4. A Brief History of the Pazhassi Raja - Nich Balmer 272
5. Thomas Baber's Account of the Death of the Pazhassi Rajah, Part 1. - Nich Balmer 281
6. Thomas Baber's Account of the Death of the Pazhassi Rajah
- Nich Balmer 288
7. Thomas Baber's Account of the Death of the Pazhassi Rajah
- Nich Balmer 290
8. Was the Pazhassi Raja Set Up? - Nich Balmer 294
9. The Malabar Rajah's in 1797 - Nich Balmer 305

അനക്ച്ചർ
ചരിത്രം കാഴ്ചകളിലൂടെ 321



Scanned with CamScanner

Scanned with CamScanner

ആമുഖം

# രക്തം കറുപ്പിച്ച ചരിത്രങ്ങൾ

സമരങ്ങൾ, യുദ്ധങ്ങൾ, പോരാട്ടങ്ങൾ, വിപ്ലവങ്ങൾ ... ലോകത്തെവിടെയും ചോരകൊണ്ട് ചുവക്കാതെ സമാധാനത്തിന്റെ പ്രകാശം ഉണ്ടായിട്ടില്ല. നാമനുഭവിക്കുന്ന ഈ സ്വാതന്ത്ര്യത്തിനും സമാധാനത്തിനും മൃതികൊണ്ടവർ ഏറെയാണു. കൽമണ്ഡപങ്ങൾ കെട്ടിയും വിളക്കുകൾ പ്രകാശിപ്പിച്ചും നാമവരെ ആദരവോടെ ഓർക്കുന്നു. എന്നാൽ നമ്മൾ ഓർക്കാൻ വിട്ടുപോയ ചിലരുണ്ട് ചരിത്രത്തിൽ. അവരെക്കുറിച്ച് ഈ പുസ്തകം സംസാരിക്കും

ഗോത്രവർഗ്ഗ സ്വതന്ത്യസമരങ്ങൾ ഇന്ത്യയിൽ ധാരാളമായ് നടന്നിട്ടുണ്ട്. എവിടെ നടന്നിരുന്നുവെങ്കിലും അവ ചരിത്രത്തിൻറെ നാൾവഴികളിൽ മറഞ്ഞ് പോകയാണുണ്ടായത്. മന:പ്പൂർവ്വമായി ഇരുട്ടിലേക്ക് തള്ളിയിട്ട ഗോത്രസമരചരിത്രങ്ങൾ... മായ്ക്കപ്പെട്ടതും മറക്കപ്പെട്ടതും എഴുതപ്പെടാതെ പോയതുമായ ചരിത്രങ്ങളെങ്കിലും സ്വാതന്ത്ര്യസമര പ്രസ്ഥാനങ്ങളിൽ അദ്വിതീയമായ പങ്ക് ഈ സമരങ്ങൾ വഹിച്ചിരുന്നു. ബിർസാമുണ്ട, താംത്വാ ഭീൽ, രാംജി ഭാംഗ്രാ ബാപ്പുറാവ്, യോഗിമൂല മാച്ചൻ, തലക്കൽ ചന്തു, എടപ്പിടി പണിക്കർ കാരണവർ, നടുക്കൊല്ലി കേളു, മരാടി ചന്തു അങ്ങനെ പുരാവൃത്തങ്ങളിലും കഥകളിലും പേരിനു മാത്രം ഓർമ്മിക്കപ്പെട്ടവരും കൊളോണിയൽ രേഖകളിൽ ഒന്നോ രണ്ടോ ഇടങ്ങളിൽ പരാമർശിച്ചവരുമായ ഗോത്ര നേതാക്കൾ. ഒന്നിലും പരാമർശിക്കപ്പെടാതെ മണ്ണടിഞ്ഞ ആയിരക്കണക്കിനു ഗോത്രവർഗ്ഗസമരഭടൻമാർ. ഒരു ചരിത്രവും ഗോത്രജനതയോട് നീതി ചെയ്തില്ല എന്ന് വേണം അനുമാനിക്കുവാൻ. എല്ലാ മണ്ഡലങ്ങളിലും നിന്നുമെന്നവണ്ണം അവർ ചരിത്രത്തിൻറെ മണ്ഡലത്തിൽ നിന്നും പുറത്താക്കപ്പെട്ടു ഒരു പക്ഷെ തുരത്തിയോടിക്കപ്പെടുക പോലും ചെയ്തു. അടയാളങ്ങളവശേഷിക്കാതെ രക്തവും വ്രണിതവുമായ് അവരുടെ ഔന്നിത്യചരിത്രങ്ങൾ മണ്ണാർന്നു.

കേരളത്തിൻറെ ചരിത്രവും വ്യത്യസ്തമല്ല. പഴശ്ശി യുദ്ധങ്ങളുടെ ആണിക്കല്ല് വയനാടൻ ഗോത്രവംശജരായ കുറിച്യരെന്ന് നമുക്കറിയാം. പക്ഷെ അവർ ആരെല്ലാം? അവർ ചെയ്തതെന്തെല്ലാം? അവർ വീരമൃത്യു വരിച്ചതെങ്ങനെ? നമുക്കറിയില്ല. കാസർഗോഡിൻറെയും ഇടുക്കിയുടെയും സമരചരിത്രവും അങ്ങനെത്തന്നെ. കല്ലളൻ വൈദ്യർ എന്ന സമരസേനാനിയും ആദ്യ സംവരണ എം.എൽ.എയുമായ വ്യക്തിയെക്കുറിച്ച് ചരിത്രത്തിൽ വേണ്ടത്ര പരാമർശങ്ങളില്ല. മാവ് വളപ്പിൽ ചന്തൻ, തൊട്ടിയിൽ വലിയ ചന്തൻ ചെറിയ ചന്തൻ, മയി



Scanned with CamScanner

ലുവള്ളിപ്പാട്ടി ഇവരെക്കുറിച്ചൊന്നും ഒരു രേഖകളും ഒന്നും നമ്മോട് പറയുന്നില്ല. വെളിച്ചം വീഴാത്ത ഈ മേഖലക്കുറിച്ച് കൂടുതൽ അറിയുക, ഗോത്രവർഗ്ഗ സ്വാതന്ത്ര്യസമരസേനാനികളുടെ സ്മരണ നിലനിർത്താനായി ഒരു മ്യൂസിയം ചെയ്യുക, എന്നിവ കിർടാഡ്സിൻറെ ഈ വർഷത്തെ മുഖ്യ പരിശ്രമങ്ങളിൽ ഒന്നാണ്.

ഈ മേഖലയിൽ കൂടുതൽ അറിവുനേടുക എന്ന ലക്ഷ്യത്തോടെ ചരിത്രത്തിലും നരവംശശാസ്ത്ര/സമുഹശാസ്ത്രത്തിലുള്ള വിദഗ്ധരെ ഉൾച്ചേർത്ത് ഒരു സെമിനാറും ഈ വകുപ്പ് സംഘടിപ്പിക്കുകയുണ്ടായി. 1976 ൽ ഇതേ വിഷയത്തിൽ ഒരു സെമിനാർ കിർടാഡ്സ് സംഘടിപ്പിച്ചിരുന്നു. ഈ വിഷയത്തിൽ അവതരണം നടത്തിയവരുടെ പ്രബന്ധങ്ങളും 1976 ലെ സെമിനാറിൽ അവതരിപ്പിച്ച ഡോ. ടി.കെ. രവീന്ദ്രൻ, ഡോ. എം.ജി.എസ്. നാരായണൻ, ഡോ.ബഹാവുദ്ദീൻ എന്നിവരുടെ പ്രബന്ധങ്ങളും ഇതിൽ ചേർത്തിട്ടുണ്ട്. ഈ മേഖലയിൽ പഠനം നടത്തുന്നു മന്മഥൻ ഉള്ളാട്ടിൽ, നിക്ബാൽമെർ, ഡോ.ഹരിദാസ്, ഡോ. മുജീബ് റഹ്മാൻ, സഹദേവൻ, ആർ.കെ. ബിജുരാജ്, എച്ച്. ഹരികൃഷ്ണൻറെയും എന്നിവരുടേയും ലേഖനങ്ങൾ ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നു. കേരളത്തിൽ ഗോത്രസമരചരിത്രത്തെക്കുറിച്ച് പഠിക്കുന്ന മിക്കവാറും പേരെ ഇതിൽ ഉൾച്ചേർക്കുവാൻ കഴിഞ്ഞു എന്നത് സന്തോഷകരം തന്നെ,.

ഗോത്രവർഗ്ഗ സ്വാതന്ത്ര്യ സമരങ്ങൾ സമഗ്രമായി ഉൾക്കൊള്ളിക്കാൻ ശ്രമിച്ചിട്ടുള്ള പുസ്തകമാണിത്. കാസർഗോഡ്, ഇടുക്കി മേഖലകളിലെ സ്വാതന്ത്ര്യസമര പ്രസ്ഥാനങ്ങളെക്കുറിച്ച് ഏറെയൊന്നും പഠനം നടന്നിട്ടില്ല. കൂടുതൽ ഗവേഷണങ്ങൾ ഈ മേഖലയിൽ നടത്താൻ കിർടാഡ്സ് പരിശ്രമിക്കുകയാണ്. വെളിച്ചം വീഴാതെ പോയ സമരചരിത്രത്തിലേക്കൊരു പ്രകാശനാളമാകട്ടെ ഈ പുസ്തകമെന്ന് ആശംസിക്കുന്നു.

***ഡോ. പുകഴേന്തി IFS***
*ഡയറക്ടർ*



Scanned with CamScanner

# കേരളത്തിന്റെ ഗോത്രവർഗ്ഗ സ്വാതന്ത്ര്യ സമരങ്ങൾ: സമഗ്രാവലോകനം

*ഇന്ദു മേനോൻ*

ഇന്ത്യൻ സ്വാതന്ത്ര്യ സമര ചരിത്രത്തിൽ ഒട്ടും തന്നെ നിർണ്ണായകമല്ലാത്ത ഭൂപ്രദേശങ്ങളിലൊന്നാണ് കേരളം. നവോത്ഥാന പ്രസ്ഥാനങ്ങളുടേയും കമ്മ്യൂണിസ്റ്റ് ഭരണവ്യവസ്ഥയുടേയും അറിവിന്റെയും ആരോഗ്യത്തിന്റെയും വികസന സൂചികകളിൽ മുമ്പോട്ട് വന്ന് നിന്നിരുന്നുവെങ്കിലും നിരന്തരവും സുശക്തവും ശക്തിഭദ്രവുമായ സ്വാതന്ത്ര്യസമര പ്രസ്ഥാനങ്ങൾ കേരളത്തിൽ എന്തുകൊണ്ടോ വിരളമായിരുന്നു. ഗോത്രവർഗ്ഗക്കാർക്കിടയിലെത്തുമ്പോൾ ശക്തമായിരുന്നിട്ടും എഴുതപ്പെടാതെപോയ സമരങ്ങളായിത്തീരുന്നു അവ. കൃത്യമായി രേഖപ്പെടുത്താത്തതിനാൽ വിസ്മൃതിയിലേക്കാണ്ടുപോയ പോരാട്ട ചരിത്രങ്ങൾ. മായ്ക്കപ്പെട്ട, മറക്കപ്പെട്ട ചരിത്രങ്ങൾ. കേരളത്തിന്റെ ഗോത്രവർഗ്ഗ സ്വാതന്ത്ര്യസമരങ്ങൾക്ക് പല കാലഘട്ടങ്ങളുണ്ട്, പല ദേശങ്ങളുണ്ട്, പലവിധ ഉദ്ദേശ്യ ലക്ഷ്യങ്ങളുമുണ്ട്.

വ്യത്യസ്ത ഗോത്രവർഗ്ഗ ബെൽറ്റുകളിൽ സംഭവിച്ചിട്ടുള്ള പോരാട്ട സമര ചരിത്രങ്ങളെക്കുറിച്ച് അറിയാമെങ്കിലും കൃത്യമായ സമര സമയം, നടന്ന സ്ഥലം, സമരത്തിൽ പങ്കെടുത്തവർ, പോരാട്ടത്തിന്റെ അന്തിമഫലങ്ങൾ തുടങ്ങിയ മേഖലകളെപ്പറ്റിയുള്ള വിവരങ്ങളോ അറിവുകളോ തീർത്തും ഇല്ലെന്നുതന്നെ വേണം പറയാൻ.

വയനാട്, കാസർഗോഡ്, ഇടുക്കി ഗോത്രവർഗ്ഗ മേഖലകളിലാണ് സ്വാതന്ത്ര്യ സമരം അതിന്റെ മുഴുതീവ്രതയോടെ ഗോത്രവർഗ്ഗ ജനതയും ഏറ്റെടുത്തത്. അതിശക്തമായ ആക്രമണങ്ങളും ചെറുത്തുനിൽപ്പുകളും തുടർപ്രക്ഷോഭങ്ങളും സംഘസമരങ്ങളും പരമ്പരാഗത ആയോധന രീതികളും ഒളിമുറകളുമായിരുന്നു ഇവയുടെ സവിശേഷതകൾ.

വയനാടൻ സ്വാതന്ത്ര്യ സമരചരിത്രം പഴശ്ശിസമരങ്ങളുടെ കൂടി ചരിത്രമാണ്. കുറിച്ച്യ കുറുമ പടയാളികളുടെ പിൻബലത്തിൽ എടച്ചന കുങ്കൻ എന്ന ജന്മിക്കൊപ്പം, പഴശ്ശി രാജാവ് നടത്തിയ പോരാട്ടങ്ങളാണ് ഇതിന്റെ ആദ്യഭാഗത്ത് പ്രസക്തമാകുന്നത്. എഡി 1795 മുതൽ 1805 ഡിസംബർ 2 വരെ നടന്ന ഈ പഴശ്ശി സമരങ്ങളിൽ യോഗിമൂല



Scanned with CamScanner

മാച്ചൻ, തലക്കൽ ചന്തു എന്നീ കുറിച്ച്യ നേതാക്കളെക്കുറിച്ചു മാത്ര മേ എന്തെങ്കിലും വിവരങ്ങൾ ലഭ്യമായിട്ടുള്ളൂ.

വയനാടൻ സ്വാതന്ത്ര്യ സമരത്തിന്റെ രണ്ടാം ഘട്ടം 1812 ൽ നടന്ന കുറുമ - കുറിച്ച്യ കലാപമാണ്. മൂന്നാംഘട്ടമാകട്ടെ 1934 ൽ മഹാത്മഗാന്ധി വയനാട്ടിൽ വന്നതും ഹരിജന ഗിരിജനോദ്ധാരണവും സ്വാതന്ത്ര്യ സമരാഹ്വാനം നടത്തിയതുമാണ്. പ്രസ്തുത സമ്മേളനത്തിൽ ധാരാളം കുറിച്ച്യന്മാരും പണിയന്മാരും വന്നെത്തുകയും പ്രസംഗം കേൾക്കുകയും കലാപരിപാടികൾ നടത്തുകയും ചെയ്തിരുന്നു. ഗാന്ധിജി തന്റെ പ്രസംഗത്തിൽ അവരുടെ കലാരൂപങ്ങളുടെ പ്രത്യേകതയും ഔന്നിത്യവും സൂചിപ്പിക്കുകയുമുണ്ടായി. ഗാന്ധിയൻ സമരാഹ്വാനത്തിനുശേഷം നിരവധിപേർ ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിൽ പങ്ക് ചേർന്നിരുന്നു. ഇതിൽ ഗോത്രവർഗ്ഗക്കാർ ഉൾപ്പെട്ടിരുന്നുവോ എന്ന വിവരങ്ങൾ ഇന്നും ലഭ്യമല്ല.

രണ്ടാമതായി നടന്ന വിശകലനം ചെയ്യേണ്ട സമരചരിത്രം കാസർഗോഡിന്റേതാണ്. മാവിലഗോത്ര സമുദായാംഗമായ കല്ലളൻ വൈദ്യരുടെ നേതൃത്വത്തിൽ നടന്ന പല കാർഷികസമരങ്ങളും കയ്യൂർ സമരവുമാണതിൽ പ്രധാനമായത്. അതോടൊപ്പം കാസർഗോഡിന്റെ പലഭാഗങ്ങളിലായ് നടന്ന നെല്ലെടുപ്പ് സമരങ്ങളിൽ പങ്കെടുത്ത നിരവധി മാവില സമുദായക്കാരുടെ സമരചരിത്രങ്ങളുണ്ട്. ഇവയെക്കുറിച്ചും എഴുതിവെക്കപ്പെട്ട ഒരു ചരിത്ര രേഖകളും ലഭ്യമല്ല.

മൂന്നാമത്തെ സമരചരിത്രം ഇടുക്കിയുടേതാണ്. പ്ലാന്റേഷനുകളിൽ മുന്നാറിലും മറ്റും നടന്ന സമര പ്രസ്ഥാനങ്ങളിൽ പ്ലാന്റേഷൻ തൊഴിലാളികളായ ഉള്ളാടന്മാർ നടത്തിയ ധീരമായ സമരങ്ങളെക്കുറിച്ചും വേണ്ടത്ര ചരിത്രരേഖകളോ അറിവോ ലഭ്യമല്ല. 1940 കളിൽ RSP യുടെ നേതാവായ സഖാവ് ശ്രീകണ്ഠൻ നായർ ഇടുക്കി മേഖലയിൽ, പ്ലാന്റേഷൻ അധികാരികൾക്കെതിരെയും ബ്രിട്ടീഷ് ഭരണത്തിനെതിരെയും നയിച്ച സമരങ്ങളിലൊക്കെയും മുൻപന്തിയിൽ ഉള്ളാടന്മാർ ഉണ്ടായിരുന്നു. (ചുരുക്കത്തിൽ ഗോത്രവർഗ്ഗ സമരങ്ങളുടെ മൊത്തം സ്വഭാവം വിശകലനം ചെയ്താൽ വ്യക്തികളുടെ സമരചരിത്രത്തേക്കാൾ സംഘം ചേർന്നുള്ള സമരത്തിന്റെ ചരിത്രത്തിനാണ് സാധ്യതയെന്ന് നമുക്ക് കാണുവാൻ കഴിയും.

കൂടുതൽ പഠനങ്ങളും ഗവേഷണങ്ങളും നടത്തിയാൻ മാത്രമേ ഏതെങ്കിലും സമരസേനാനികളെക്കുറിച്ചുള്ള വിവരങ്ങൾ ലഭിക്കുകയുള്ളൂ. അതിനാൽ മൂന്നാർ സ്വാതന്ത്ര്യസമരങ്ങൾ ഇതിൽ പ്രതിപാദിക്കുന്നില്ല.

### വയനാടൻ സ്വാതന്ത്ര്യ സമരങ്ങൾ

പഴശ്ശിസമരങ്ങളാണ് വയനാട്ടിലെ ഗോത്രവർഗ്ഗ സ്വാതന്ത്ര്യ സമരത്തിന്റെ ആണിക്കല്ല്. 1700 കളുടെ അന്ത്യപാദത്തിലും 1800 കളുടെ തുടക്കത്തിലും ബ്രിട്ടീഷ് ഈസ്റ്റിന്ത്യാ കമ്പനിയ്ക്കെതിരായി പഴശ്ശിരാ



Scanned with CamScanner

ജാവ് പോരാട്ടങ്ങൾ ആരംഭിച്ചു. പഴശ്ശിയുടെ ഈ യുദ്ധം പ്രധാനമായും ഒളിയുദ്ധമായിരുന്നു. ഇതിൽ പങ്കെടുത്തതാകട്ടെ ആയോധനവിദ്യയിൽ അത്യധികം പരിശീലനം സിദ്ധിച്ച കുറിച്യ കുറുമ സമുദായാംഗങ്ങളായിരുന്നു. ഒളിയമ്പെയ്ത് ശത്രുക്കളെ വധിയ്ക്കുകയും തന്റെ ഭൂമിക്ക് വേണ്ടി പോരാടുകയും ചെയ്ത ഈ കുറിച്ച്യ പടയാളികളുടെ പേരുകൾ മുഴുവനും എവിടെയും രേഖപ്പെടുത്തിയിട്ടില്ല. കൊളോണിയൽ രേഖകളിൽ പരാമർശിക്കപ്പെടുന്ന 2 പേരുകൾ യോഗിമൂല മാച്ചാന്റെയും തലക്കൽ/തലക്കര ചന്തുവിന്റെതുമാണ്. ഇവരുടെ കീഴിൽ അതിശക്തമായ പ്രക്ഷോഭമുറകളാണ് നടപ്പിലാക്കി വന്നിരുന്നത്. വയനാടൻ കാടിന്റെ ഉള്ളന്തരങ്ങളിൽ ധാരാളം കളങ്ങൾ സ്ഥാപിക്കുകയും അതീവ രഹസ്യമായി കുറിച്ച്യയോദ്ധാക്കളെ സംഘടിപ്പിച്ച് ഈ കളങ്ങളിൽ വച്ച് പരിശീലനങ്ങൾ നൽകുകയും ചെയ്തു. യോഗിമൂല മാച്ചാൻ കുറിച്ച്യരുടെ തലവനായ പിട്ടൻമാരിൽ ഒരാളായിരുന്നു. പഴശ്ശിയുടെ സേനാനികളിൽ മുഖ്യനായിരുന്ന എടച്ചന കുങ്കന്റെ സമര സഹായികളായാണ് ഇവരിരുവരും വർത്തിച്ചിരുന്നത്. എടച്ചനകുങ്കന്റെ കുടുംബാംഗങ്ങൾ മിക്കവരും ഈ പ്രക്ഷോഭങ്ങളിൽ പഴശ്ശിക്കൊപ്പംതന്നെ നിൽക്കുകയും കുറിച്ച്യരെ ഒളിപ്പോരിനായ് സംഘടിപ്പിക്കുകയും ചെയ്തിരുന്നു.

കോട്ടയത്ത് നിന്നും പാലായനം ചെയ്ത പഴശ്ശിയ്ക്ക് കുറിച്ച്യന്മാരും കുങ്കനും ചേർന്ന് പള്ളിയറ താവളത്തിൽ പടകൂട്ടി. (തലശ്ശേരി രേഖകൾ 1429 M) ഭഗവതിയുടെയും തിരുനെല്ലി പെരുമാളിന്റെയും രക്ഷയ്ക്കുവേണ്ടി നാട്ടുമുഖ്യന്മാർ സംഘടിക്കണമെന്നാവശ്യപ്പെട്ട് പഴശ്ശി പല തരകുകളും എഴുതി. ഇത് വയനാട്ടിലെ പലവിധ ജനങ്ങളെയും ഒരുമിപ്പിച്ചു.

ധീരപഴശ്ശിയുടെ പ്രവർത്തനങ്ങളാൽ കമ്പനിയുടെ റവന്യൂ വരവ് കുത്തനെ ഇടിഞ്ഞിരുന്നു. പഴശ്ശിയെ തടവിലിട്ടാൽ മാത്രമേ ഈ നികുതിച്ചോർച്ച അവസാനിക്കൂ എന്ന് കമ്പനി കരുതി. ഇത് പ്രകാരം 3000 പടയാളികൾ ചേർന്ന് ലഫ്റ്റനന്റ് ജയിംസ് ഗാർഡൻന്റെ നേതൃത്വത്തിൽ 1796 ഏപ്രിൽ 21 ന് പഴശ്ശികൊട്ടാരം ആക്രമിക്കാനായ് ചെന്നു. “They surrounded the Rajas without being discovered and summoned those within open the doors which was refused. The Sepoys then burst the door open, but on enquiry they found Rajah had left phyche four days before and gone to Monatana” (Malabar Collatoral Records Vol 2541, Para 62).

താനില്ലാത്തയിടത്ത് ചെന്ന് തന്റെ വസ്തുക്കൾ നശിപ്പിച്ചതും കൈക്കലാക്കിയതു പഴശ്ശിയെ കൂടുതൽ കോപാകുലനാക്കി. ഇംഗ്ലീഷുകാരുടെ പെരുമാറ്റത്തിലെ തകരാറുകൾ കൂടിയായപ്പോൾ പഴശ്ശി കഠിനമായ പോരാട്ടമുറകൾ അവർക്കെതിരെ ആരംഭിച്ചു.

### മേജർ ഡ്യൂ പഴശ്ശിക്കു കത്തയക്കുന്നു

വയനാടൻ ദേശങ്ങളിൽ കമ്പനിക്കെതിരായ കുറിച്ച്യരെ നിർത്തി



Scanned with CamScanner

യുള്ള പഴശ്ശി യുദ്ധങ്ങളും നാല് വർഷമായ് റവന്യൂവിലും നികുതിയിലും മറ്റ് ധനവരവിലും കോട്ടയത്തുണ്ടായ ഇടിവും ചേർന്നപ്പോൾ പഴശ്ശിയുമായി സമരസപ്പെടാൻ ബ്രിട്ടീഷുകാർ നിർബന്ധിതരായി. പഴശ്ശിയുടെ കണ്ടുകെട്ടിയ സ്വത്തുക്കൾ തിരികെ നൽകാമെന്നും പഴശ്ശി ബന്ധുക്കളെയും ആശ്രിതരെയും സുരക്ഷിതരാക്കാമെന്നും കമ്പനിയെ അനുസരിച്ചാൽ പഴശ്ശിക്കുയർച്ചയുണ്ടാകുമെന്നുമെല്ലാം സൂചിപ്പിച്ച് ഒരു കത്ത് 1796 ജൂലൈ 3 നു മേജർ ഡ്യൂ പഴശ്ശിയ്ക്ക് അയച്ചു. ഇതനുസരിച്ച് പഴശ്ശിയുടെ സ്വത്തുക്കൾ തിരികെ നൽകാനുള്ള തീരുമാനം സുപ്രീം ഗവൺമെന്റ് അംഗീകരിക്കുകയും ചെയ്തു. എന്നാൽ ഈ വിവരങ്ങളോ ഉത്തരവോ പഴശ്ശിരാജയ്ക്ക് ലഭിക്കുകയുണ്ടായില്ല. ഈ വിവരങ്ങൾ അടങ്ങിയ കത്ത് അയച്ച് കിട്ടിയ കുറുമ്പ്രനാട് രാജാവ് സ്വത്ത് കൈവിടുമെന്ന് കരുതി ഇതൊന്നും പഴശ്ശിരാജയെ അറിയിച്ചുമില്ല.

സ്വാഭാവികമായും ബ്രിട്ടീഷുകാരുടെ വശത്തുനിന്നും ഒരു നീക്കവുമുണ്ടായില്ല എന്ന ധാരണയിൽ പഴശ്ശിരാജ തന്റെ പോരാട്ടങ്ങളും പ്രക്ഷോഭങ്ങളും കൂടുതൽ ശക്തമാക്കി. The Raja regarded himself deceive by the company agents, and in October 1796 he again retired in to the Wayanad jungles, where he was joined the Kurichyar under the leadership of Talakkal Chandu and Kurumbar under Pallan Eman" (MGS Narayanan P-2)

## ക്യാപ്റ്റൻ ലോറൻസ് ബറ്റാലിയൻ ആക്രമിക്കപ്പെടുന്നു

കുറിച്ച്യരും കുറുമരും ചേർന്ന സംഘഗോത്ര ശക്തിയെ കൂടുതൽ കരുത്താർന്നതാക്കാനും യുദ്ധത്തെ വലുതാക്കാനും ഈ സമയത്ത് പഴശ്ശിരാജ, ടിപ്പു സുൽത്താന്റെ ചാരന്മാരുമായി ബന്ധം ആരംഭിച്ചു. വയനാട്ടിലെ കലാപങ്ങളെ നേരിടാനായി കമ്പനി സൈന്യം കോട്ടയം, വയനാട് ചുരത്തിലും സമീപ പ്രദേശത്തും ഏറെ പടയെ വിന്യസിച്ചു. കൂടുതൽ ഇംഗ്ലീഷ് പട വന്നത് കുറിച്ച്യ കുറുമ സൈന്യത്തെ കൂടുതൽ ശ്രദ്ധാലുക്കളും സമരവീര്യമുള്ളവരുമാക്കി തീർത്തു.

1797 ജനുവരി 7 നു മാനന്തവാടിയിലേക്ക് പോയ്ക്കൊണ്ടിരുന്ന ക്യാപ്റ്റൻ ലോറൻസ് ബറ്റാലിയനാണ് ഗോത്രസൈന്യത്തിന്റെ യഥാർത്ഥ കരുത്തറിഞ്ഞത്. ഗോത്രവംശജരാൽ ക്രൂരമായി ആക്രമിക്കപ്പെട്ട ബറ്റാലിയനിലെ ഭൂരിഭാഗം പേരും കൊല്ലപ്പെട്ടു. "Flushed with success the rebels attacked the detachment stationed at palassi and killed the whole party except one" (MGS Narayanan page 2)

## 1797 ജനുവരി 14 ലെ പേര്യ ചുരമാക്രമണം

പേര്യ ചുരത്തിൽ വച്ച് കുറിച്ച്യസൈന്യം അതി ശക്തമായ ഒരു യുദ്ധംതന്നെ നടത്തി. ഇതിൽ ഏറെ ഇംഗ്ലീഷ് സൈനികർ കൊല്ലപ്പെട്ടു.

## 1797 ജനുവരി 27 ലെ ആക്രമണം

On 27th January a convoy proceeding to the provision of the post at



Scanned with CamScanner

Mananthavadi was attacked. The Palassi Nayars and Kurichiyars either killed or seriously wounded 23 sepoys and captured the whole stores and ammunition" എന്നാണ് ഗോത്രരേഖകളിൽ കാണുന്നത്.

## 1797 മാർച്ച് 9ൽ ലഫ്. മീലെ ആക്രമിക്കപ്പെടുന്നു

കുറിച്ച്യരുടെയും നായർപടയുടേയും സുശക്തയുദ്ധത്തെ പ്രതിരോധിക്കാൻ കേണൽ ഡൗ ന്റെ നേതൃത്വത്തിൽ ഒരു സൈന്യസംഘത്തെ തയ്യാറാക്കി വയനാട്ടിലേക്കയച്ചു. 1797 മാർച്ച് ആദ്യ ആഴ്ചയിൽ താമരശ്ശേരിചുരം വഴി, പേര്യ ചുരത്തിലേക്ക് ഈ സൈന്യഘടകം എളുപ്പത്തിൽ എത്തിച്ചേർന്നു. പേര്യയിൽ ഒരു സൈന്യതാവളം നിർമ്മിച്ച് ലക്കിടിയും പേര്യയും ബന്ധിപ്പിച്ച് താഴെനിന്നും കലാപകാരികളെ തുരത്തുക എന്നതായിരുന്നു ഡൗവിന്റെ ലക്ഷ്യം. ഇതിന്റെ ലക്ഷ്യപ്രാപ്തിക്കായി ലഫ്. മീലെ കാർക്കൂർ (കുറ്റ്യാടി) ചുരം വഴി കുഞ്ഞോത്ത് എത്തി. (മലബാർ മാന്വൽ മലബാർ ഡിസ്ട്രിക്ട്- ദി മൈസൂരിയൻ കോൺക്വസ്റ്റ്)

"മീലെ ചുരപ്പാത മുഖത്ത് കാവലിനായ് 30 പട്ടാളക്കാരെ നിർത്തി, പേര്യചുര താവളത്തിലേക്ക് പോയി. മാർച്ച് 10 വൈകീട്ട് ഒരു ക്യാപ്റ്റന്റെ കീഴിൽ 2 കുപ്പിണി സൈന്യം വെള്ളമുണ്ടയ്ക്കടുത്തുള്ള മംഗലശ്ശേരിയിൽ താവളമടിച്ചു. രാത്രിയിൽ എടച്ചന കുങ്കനും സംഘവും അവരുടെ താവളം വളഞ്ഞാക്രമിച്ചു. രാത്രി തന്നെ താവളം വിട്ട് പോകുവാൻ സൈനികർ നിർബന്ധിതരായി. പോകുന്ന വഴിയിൽ ചുരണ്ടത്തോടിന്റെ ഭാഗത്ത് വച്ച്, പതിയിരുന്ന നായന്മാരും കുറിച്ച്യന്മാരും അവരെ വീണ്ടും ആക്രമിച്ചു. അമ്പേറ്റും വെടിയുണ്ടകൊണ്ടും മുപ്പത്തിയെട്ട് സൈനികർ കൊല്ലപ്പെട്ടു. 67 സൈനികർക്ക് പരിക്കുപറ്റി. (മുണ്ടക്കയം ഗോപി P 131 & തലശ്ശേരി രേഖകൾ പേ – 124) തലശ്ശേരി രേഖകളിൽ പറയുന്ന കണക്ക് പ്രകാരം 70–80 ശിപായിമാർക്കും കെട്ടുകാർക്കും അപായം വന്നുവെന്നും പട്ടാളക്കാരിൽ നിന്നും 12 കുറ്റി തോക്ക് പിടിച്ചെടുത്തുവെന്നുമാണ് (തലശ്ശേരി രേഖകൾ - പേജ് 125)

1797 മാർച്ച് 17 കെണൽ ഡൗ ആക്രമിക്കപ്പെടുന്നു

ടിപ്പുവിന്റെ സൈന്യാധിപന്റെ ഭീഷണിക്കത്തിൽ ഭയചകിതനായ കേണൽ ഡൗ തന്റെ സൈന്യത്തെയും കൂട്ടി പേര്യചുരം വഴി തലശ്ശേരിക്ക് രക്ഷപ്പെട്ട് പോകുന്ന വഴി വിപ്ലവകാരികളുടെ ആക്രമണത്തിനു വിധേയനായി. സൈന്യത്തിന്റെ എല്ലാ ആയുധങ്ങളും സാമഗ്രികളും കലാപകാരികൾ പിടിച്ചെടുത്തു. കേണൽ ഡൗവിന്റെ ജീവൻ മാത്രം കഷ്ടിച്ച് രക്ഷപ്പെട്ടു. (തലശ്ശേരി രേഖകൾ p- 87)

## 1797 മാർച്ച് 18 മേജർ കാമറൂൺ കൊല്ലപ്പെടുന്നു

പേര്യയിലെ സൈനികതാവളം ഉപേക്ഷിച്ച് ഏലച്ചുരം വഴി രക്ഷപ്പെടാൻ ശ്രമിച്ച മേജർ കാമറൂണിന് 3 ലഫ്റ്റിനന്റ്മാർക്കും 1100 പേരടങ്ങിയ മുഴുവൻ സൈന്യത്തിനും മരണം തന്നെയായിരുന്നു പ്രക്ഷോ



Scanned with CamScanner

ഭകാരികൾ നൽകിയത്. ആയുധവും മറ്റ് സാമഗ്രികളും മൊത്തമായ് പ്രക്ഷോഭകർ കൊള്ളയടിക്കുകയും ചെയ്തു. (മുണ്ടക്കയം ഗോപി - പേജ് 87) തലപ്പുഴയ്ക്കടുത്ത് തിണ്ടുമലിലും ആക്രമണമുണ്ടായി. കുറിച്ച്യർക്ക് യുദ്ധവീര്യം പകർന്ന് എടച്ചനകുങ്കൻ തന്നെ നേരിട്ടിറ ങ്ങി ആക്രമണത്തിനു നേതൃത്വം നൽകി. ലഫ്. ജോൺ ഇംഗ്ലീഷിന്റെ സൈന്യമാകട്ടെ പാൽച്ചുരമിറങ്ങി രക്ഷപ്പെട്ടു.

**1802 ജനുവരി 30 ലെ സമ്പൂർണ്ണ നിരായുധീകരണം**

കുറിച്ച്യരെക്കുറിച്ച് തലശ്ശേരി രേഖകളിലും (ഈസ്റ്റിന്ത്യാ കമ്പനി യുടെ വടക്കേ അധികാരി തലശ്ശേരി, തുക്കിടി സൂപ്രണ്ടിനു ലഭിച്ച കത്തുകൾ, ഹർജികൾ, മറ്റു കത്തുകൾ, പരസ്യങ്ങൾ കരാർ നാമം കല്പന തരക്, നാട്ടു രാജാക്കന്മാർക്ക് ലഭിച്ച കത്തിന്റെ പകർപ്പുകൾ എന്നിവയുടെ സഞ്ചയം) പഴശ്ശിരേഖകൾ, മലബാർ കലക്ടർമാരുടെ റിക്കോർഡുകളിലും മറ്റുപല കത്തുകളിലും പരാമർശമുണ്ട്. ഇതിലെ ല്ലാം രണ്ട് തരം ആളുകളാണുള്ളത്. ഒന്ന് ഇംഗ്ലീഷ് ഈസ്റ്റിന്ത്യ കമ്പ നിയെ സഹായിക്കുകയും, അവർക്കൊപ്പം നിൽക്കുകയും ചെയ്ത കുറിച്ച്യർ. മറ്റൊന്ന് പഴശ്ശി - എടച്ചന കുങ്കൻ. യോഗിമൂല മാച്ചൻ - തലക്കൽ ചന്തു എന്നിവർക്കൊപ്പം നിൽക്കുന്ന ഒളി കലാപങ്ങളുടേയും പോരാട്ടങ്ങളുടെയും യഥാർത്ഥവും സജീവവുമായ ശക്തിയായിരുന്നു കുറിച്ച്യർ. ഇപ്രകാരത്തിൽ പ്രവർത്തിച്ചുവന്ന കുറിച്ച്യർ ഈസ്റ്റിന്ത്യ കമ്പനിയ്ക്ക് വലിയ അളവിൽ നാശങ്ങൾ സൃഷ്ടിച്ചുകൊണ്ടിരുന്നു. എടച്ചന കുങ്കനെപ്പോലെതന്നെ തൃശിലേരി, പള്ളൂർ എമ്മൻമാർ, എട ച്ചന കോമപ്പൻ, ഒതേനൻ, കൈതേരി അമ്പു തുടങ്ങിയവരും പഴ ശ്ശിയുടെ പോർമുഖത്തെ സജീവപോരാളികളായിരുന്നു. കുറിച്ച്യരെ അണിനിരത്തിയുള്ള ഇവരുടെ ഗൊറില്ലായുദ്ധമുറകൾ കമ്പനിയുടെ പ്രവർത്തനങ്ങളെ പിടിച്ചുലച്ച് കളഞ്ഞു. ഇത്തരം കലാപകാരികളെ അമർച്ച ചെയ്യുവാനായി കോഴിക്കോട്ടുള്ള പ്രിൻസിപ്പൽ കലക്ടർ മക്ലിയോഡ്, 1802 ജനുവരി 30 ന് സമ്പൂർണ്ണ നിരായുധീകരണം പ്രഖ്യാ പിച്ചു. (മലബാർ മാന്വൽ - ബ്രിട്ടീഷ് സുപ്രീമസി) സമ്പൂർണ്ണ നിരാ യുധീകരണ പ്രകാരം എല്ലാവരും തങ്ങളുടെ കൈവശമുള്ള എല്ലാ ആയുധങ്ങളും ഈസ്റ്റിന്ത്യാ കമ്പനിയ്ക്ക് വിട്ടുകൊടുത്തേ മതിയാവൂ എന്ന് നിയമം നിലവിൽ വന്നു. തോക്കിന് ഒരുറുപ്പികമുതൽ 8 ഉറു പ്പിക വരെയും വാളിന് ഇരുമ്പ് - ഉരുക്ക് തൂക്കത്തിന്റെ വിലയുടെ മൂന്നിരട്ടിയും കമ്പനി നൽകുന്നതാണെന്നും ആരെങ്കിലും ഈ നിയ മം ലംഘിച്ച് ആയുധങ്ങൾ ഒളിപ്പിച്ചെങ്കിൽ അവരെ പിടികൂടുമെന്നും ഈ നിയമം അനുശാസിച്ചു. അതോടൊപ്പം അതത് ദേശങ്ങളിലെ കൃഷിക്കാരും കർഷകരും അതാത് പ്രദേശത്തെ ആയുധധാരികളെ പിടിക്കേണ്ടതാണെന്ന് കൂടി മക്ലിയോഡ് പ്രഖ്യാപനം നടത്തി (Treates part 11, Tan 30, 1802, നമ്പർ CCXXIV P 347 -48). നിരായുധീകരണത്തോ ടൊപ്പം പഴശ്ശിയെ സഹായിച്ചുവന്ന പ്രക്ഷോഭ നേതാക്കളെക്കുറിച്ചും



Scanned with CamScanner

കുടുംബങ്ങളെക്കുറിച്ചും കുറിച്യരെക്കുറിച്ചുമെല്ലാം വിവരങ്ങൾ ശേഖരിക്കുവാനുള്ള ശ്രമങ്ങളും മക്ലിയോഡ് സായ്പ് ആരംഭിച്ചു. ധാരാളം ചാരന്മാരെയും കമ്പനി അനുഭാവികളെയും ഇതിനായി പ്രതിഫലം നൽകിക്കൊണ്ട് ഉപയുക്തപ്പെടുത്തി. വയനാട് സ്വരൂപക്കാർ, വെണ്ണിയോട്ട് തരകന്മാർ, തൊണ്ണൂർ ചാത്തു നമ്പ്യാരും കുടുംബക്കാരും, ചെല്ലാട്ട് കുടുംബം തുടങ്ങിയവയായിരുന്നു കമ്പനി പക്ഷപാതികളും ചാരവർത്തികളും. ഇതിൽ പഴശ്ശിക്കും കുങ്കനുമെതിരെ പരസ്യമായി പ്രവർത്തിച്ച തൊണ്ടൂർ ചാത്തു നമ്പ്യാർക്ക് കല്പറ്റ പിണങ്ങോട് ഉണ്ടായിരുന്ന വസ്തുവഹകളും, മുണ്ടായിഹസ്സൻ, ചെല്ലാട്ട് കണ്ണക്കുറുപ്പ് എന്നിവരുടെ ഗൃഹങ്ങളും പ്രക്ഷോഭത്തിലേർപ്പെട്ടവർ നശിപ്പിച്ചുകളഞ്ഞു. (പഴയ സമര രേഖകൾ 218 എ) ഏപ്രിൽ മാസത്തിൽ ഒരു റിപ്പോർട്ടിൽ പ്രക്ഷോഭകാരികളുടെയും ചാരവർത്തികളുടേയും കൂറിന്റെ വിശദാംശങ്ങൾ എഴുതിയത് പഴശ്ശിരേഖകളിൽ നിന്നും വായിക്കാവുന്നതാണ്." വയനാട്ടിലെ തൊണ്ടൂർനാട ഒഴികെ ശേഷം ഉള്ള നാട്ടുകാരൊക്കെയും മറിഞ്ഞി എടച്ചന കുങ്കന്റെ കൂടെ ഒരുമിച്ചു കൂടിയിരിക്കുന്നു." (പഴശ്ശി രേഖകൾ)

## 1802 ഒക്ടോബർ 6 ലെ ശിപായി വധം

പനമരത്തും തിണ്ടമ്മലും പുളിഞ്ഞലുമായി ഏകദേശം 700ലധികം സായുധ ഇംഗ്ലീഷ് സേനാനികൾ സൈനിക താവളങ്ങളിൽ ചിട്ടയായ പടക്കോപ്പ് കൂട്ടിക്കൊണ്ടിരിക്കുകയായിരുന്നു. ഇവർക്കാവശ്യമുള്ള ഭക്ഷണ സാമഗ്രികൾ ഗോത്രവർഗ്ഗക്കാരിൽ നിന്നും അധികാരമുപയോഗിച്ചാണ് ശേഖരിച്ചിരുന്നത്. 1802 ഒക്ടോബർ 6 നു പനമരം സൈനിക കേന്ദ്രത്തിലേക്കാവശ്യമുള്ള നെല്ലെടുക്കാൻ ഔദ്യോഗികമുദ്ര ധരിച്ച ഒരു ബ്രിട്ടീഷ് ശിപായി കുറിച്ച്യമിറ്റങ്ങളിലേക്ക് ചെന്നു. യോഗിമൂല കുറിച്ച്യ ഭവനത്തിൽ എടച്ചനകുങ്കനും യോഗിമൂലമാച്ചാനും സഹായികളായ കുറിച്ച്യരും ഉണ്ടായിരുന്നു. ശിപായി തന്റെ അധികാരവും ധിക്കാരവും അനാവശ്യമായി പ്രകടിപ്പിച്ചത് എടച്ചന കുങ്കനെ ക്ഷുഭിതനാക്കി. ശിപായിയെ കുങ്കൻ വധിച്ചു. ശിപായിയെ വെട്ടിക്കൊന്നത് വലിയ സൈനിക പ്രതികാരത്തിനും പ്രത്യാക്രമണങ്ങൾക്കും വഴി തെളിയിയ്ക്കുമെന്ന് ബോധ്യം വന്ന കുങ്കനും കുറിച്ച്യപ്പടയും ചില കടന്നാക്രമണങ്ങൾക്ക് രൂപം നൽകി.

## മൈസൂരിന്റെ പതനവും കമ്പനിയുടെ തുടർപ്രവർത്തനങ്ങളും

ടിപ്പുസുൽത്താന്റെയും മൈസൂർ സാമ്രാജ്യത്തിന്റെയും പതനം ഈസ്റ്റിന്ത്യാ കമ്പനിയുടെ ഭരണനേട്ടത്തിന്റെ നാഴികക്കല്ലായിരുന്നു. മറ്റെല്ലാ പ്രദേശങ്ങളിലും സാമ്രാജ്യത്വ അധികാരത്തോടെ കൊടികൾ വാനിലേക്ക് പാറിപ്പറന്നു. എന്നാൽ കോട്ടയം - വയനാട് പ്രദേശങ്ങളിൽ പഴശ്ശിയും കുറിച്ച്യപ്പടയും നടത്തിവന്ന പ്രക്ഷോഭ സമരങ്ങൾ



Scanned with CamScanner

കമ്പനിയുടെ വളർച്ചയെ മന്ദഗതിയിലാക്കുകതന്നെ ചെയ്തു. കുറിച്ച്യരുടെ അഞ്ച് വർഷത്തോളം നീണ്ട പോരാട്ടകാലം ആരംഭിക്കുന്നതും ഇവിടെ നിന്നാണ്.

ഈ ഒളിയുദ്ധത്തിന് സഹായിക്കുവാനായി മൈസൂരിൽ നിന്നും പിരിച്ചുവിട്ട പട്ടാളക്കാരും വയനാട്ടിലെ കർഷകരും, തൊഴിലാളികളും സംഘം ചേർന്നു. ഇവർ സുശക്ത സമരങ്ങളും യുദ്ധങ്ങളും ആരംഭിച്ചു.

ഇതിനെ തകർക്കാൻ കോട്ടയം - വയനാട് ദേശങ്ങളിലെ റോഡുകൾ സുപ്രധാന ചുരങ്ങളായ കൊട്ടിയൂർ, നെല്ലിയോടി, പേര്യ, കുറ്റ്യാടി എന്നിവയെക്കുറിച്ചും ഇവയിലൂടെയുള്ള സൈനിക നീക്കങ്ങളെക്കുറിച്ചുമുള്ള വിവരങ്ങൾ കമ്പനി ശേഖരിച്ചു. (മാർച്ച് 6, 1800, ഫോ. പൊ.ക നമ്പർ 181,ജൂൺ5, 1800)

മറ്റ് മൂന്ന് സുപ്രധാന നീക്കങ്ങൾ കൂടി കമ്പനി നടത്തി.

1) കോട്ടയത്ത് 9 ഹുബ്ലികളിലെ നികുതി പിരിവവകാശം ചാവശ്ശേരി രാജാവിനു നൽകി.
2) പഴശ്ശിയുടെ സഹായിയായ കൈതേരി അമ്പുവിനെ കമ്മീഷൺസ്മീ കമ്പനി തങ്ങളുടെ പക്ഷത്താക്കി.
3) കമ്പനിക്കെതിരായ് പ്രക്ഷോഭത്തിലേർപ്പെട്ട കർഷകരെ കണ്ടെത്തുവാനായി ഓരോ പ്രദേശത്തെയും കുടിയന്മാരുടെ ലിസ്റ്റ് തയ്യാറാക്കുവാൻ നിർദ്ദേശിച്ചു. (Treatis part 11 May 19 1799, No CXC P – 318)

പഴശ്ശി ഈ സമയത്ത് മാനന്തവാടിയിൽ വലിയ സൈനിക ഒരുക്കങ്ങൾ നടത്തുകയായിരുന്നു. ചാലാടി തങ്ങൾ, എടച്ചനകുങ്കൻ എന്നിവർ നയിച്ച 400 പടയാളികളും 200 കർണ്ണാടകപ്പടയാളികളും തയ്യാറാവുകയും മലബാറിൽ നിന്നും 100 മാപ്പിളമാർ അത്തി മൂപ്പനൊപ്പം വന്നു ചേരുകയും ചെയ്തു. 20 കൊല്ലന്മാർ അമ്പ് നിർമ്മിതിയിലേർപ്പെട്ടു. ചങ്ങാലേരി ചാത്തുവും 200 പടസൈന്യങ്ങളും താമരശ്ശേരി, കുറ്റ്യാടി ചുരങ്ങളിൽ കാവൽ നിന്നു. കണ്ണോത്ത് മൂത്തെ നമ്പ്യാർ, കാമ്പ്രത്ത് നമ്പ്യാർ, പാഴൂർ രാജാവ് എന്നിവരും പഴശ്ശിക്കൊപ്പം ചേർന്നു. (James Wilson, March 14, 1800, ഫോ. ഫോ. ക നമ്പർ 181, ജൂൺ 5, 1800)

പഴശ്ശിക്കും കുറിച്ച്യപ്പടയ്ക്കും എതിരായുള്ള സൈനിക നീക്കം സുശക്തമാണെങ്കിലും ധൂണ്ടിയാവാഹനന്റെ ബദനൂറിലെ കലാപം കാരണം പഴശ്ശിക്കെതിരായ നീക്കങ്ങൾ മഴക്കാലം കഴിയും വരെ നിർത്തിവെയ്ക്കാൻ ഗവർണ്ണർ എഡ്വേർഡ് ക്ലൈവ്, കേണൽ വെല്ലസ്ലിക്ക് എഴുതി (ക്ലൈവ്, കേണൽ വെല്ലസ്ലി, മാർച്ച് 26, 1800 ഫോ. പൊ ക നമ്പർ 188 ജൂൺ 5, 1800)

## മണത്തന - കണ്ണവം ആക്രമണം

എന്നാൽ പഴശ്ശിയുടെ നീക്കം ദ്രുതഗതിയിലായിരുന്നു. മഴക്കാലത്ത് തന്നെ മണത്തന പിടിക്കുവാൻ അദ്ദേഹവും സൈന്യസന്നാഹവും പരിശ്രമിച്ചു. മണത്തന കൂടാളി ഉപരോധത്തിന്റെ ഫലമായി കുറിച്ച്യപ്പട



Scanned with CamScanner

കോട്ടയവുമായുള്ള ഗതാഗതം വിച്ഛേദിച്ചു. ബ്രിട്ടീഷ് സൈനികപോസ്റ്റിനു നേരെ വെടിയുദ്ധവും ആരംഭിച്ചു. മണത്തന ക്ഷേത്രത്തിലെ വെളിച്ചപ്പാടിന്റെ വെളിപാടുകളും "ദൈവത്തെയോർത്ത് തനിക്കൊപ്പം നിൽക്കണമെന്ന്' എഴുതിയ പഴശ്ശിയുടെ ഹൃദയസ്പൃക്കായ എഴുത്തുകളും ജനങ്ങളേയും കലാപകാരികളേയും കൂടുതൽ പഴശ്ശിയിലേക്ക് അടുപ്പിച്ചു.

മണത്തന പോസ്റ്റ് നിലനിർത്തുവാൻ ആഗസ്റ്റ് 3നു മേജർ ഹോംസ് സാധനസാമഗ്രികളും, പോഷക സൈന്യവുമായി വന്നെത്തി. ഈ സൈന്യം പോകുമ്പോൾ കലാപകാരികൾ അവരെ സംഘമായി ആക്രമിക്കുകയും 76 പേർ വധിക്കപ്പെടുകയും ചെയ്തു.

## 1802 ഒക്ടോബർ 11 ലെ പനമരം കോട്ടയാക്രമണം

ശിപായി വധത്തോടെ വർദ്ധിതമായ സമര ഊർജവും പ്രത്യാക്രമണത്വരയും ഒക്ടോബർ 11 നു പനമരം സൈനിക താവളമായ കോട്ട ആക്രമിക്കുന്നതിലേക്ക് കലാപകാരികൾക്ക് ശക്തിയും കരുത്തും ആവേശവും പകർന്നു. യോഗി മൂലമാച്ചാൻ എന്ന കുറിച്ച്യ 'പിട്ടൻ' അഥവാ തലവനായിരുന്നു, 150 ഓളം വരുന്ന കുറിച്ച്യപ്പടയെ നയിച്ചത്. സമരമുഖ്യനായി തലയ്ക്കൽ ചന്തു/തലക്കര ചന്തുവും ഉണ്ടായിരുന്നു. എടച്ചന കുങ്കനും 2 സഹോദരന്മാരും നയിക്കുന്ന നായർപ്പടയും ഇവർക്കൊപ്പം കൂടി. ക്യാപ്റ്റൻ ഡിക്കിൻസണിന്റെയും ലഫ്. മാക്സ് വെല്ലിന്റെയും കീഴിലുള്ള നാലാം ബോംബെ ഇൻഫെന്റ്ററിയുടെ നാടൻ കാലാൾപ്പടയുടെ ഒന്നാം ബറ്റാലിയനിൽപ്പെട്ട 70 സായുധഭടന്മാർ ആക്രമിക്കപ്പെട്ടു. കമാന്റിങ്ങ് ഓഫീസർ ക്യാപ്റ്റൻ ഡിക്കിൻസൺ, കേണൽ മാക്സ് വെൽ 24 ശിപായിമാരും കൊല്ലപ്പെട്ടു. മൂന്നൂറു മുതൽ നാനൂറ് വരെ വരുന്ന കലാപകാരികൾ പിന്നീട് കൊട്ടിയൂർ ചുരം ആക്രമിക്കുകയും കൂത്തുപറമ്പും മണത്തനയും തമ്മിലുള്ള ബന്ധം വിച്ഛേദിക്കുകയും ചെയ്തു. (കമാ. ഇൻചീഫ് ജെ സ്റ്റ്യുവർട്ടിന്റെ മിനുട്ട്സ്, ഒക്ടോബർ 26, 1802, ഫൊ. പൊ. ക നമ്പർ 1, നവംബർ 11, 1802) ആക്രമണം നടന്ന് 3 ആഴ്ചക്ക് ശേഷം ചാരന്മാർ കമ്പനി നിർദ്ദേശാനുസരണം കോട്ടയിൽ ചെന്ന് കണ്ട് വിവരങ്ങൾ റിപ്പോർട്ടാക്കി നൽകി. ഇതിൽ കലാപകാരികൾ സെൻട്രിയെ ആക്രമിച്ച് നിരായുധമാക്കിയശേഷം അമ്പയച്ച് കൊന്നുവെന്നും. ക്യാപ്റ്റൻ ഡിക്കിൻസൺ സ്വന്തം തോക്കും ബയണറ്റും വാളുമുപയോഗിച്ച് അഞ്ച് കുറിച്ച്യരെ കൊന്നുവെന്നും 10 പേരെ പരിക്കേൽപ്പിച്ചുവെന്നും അവകാശപ്പെട്ടു. എന്നാൽ സത്യം നേരെ വിപരീതമായിരുന്നു. കമ്പനി സൈന്യം മുഴുവൻ മൃഗീയമായ് കൊല ചെയ്യപ്പെട്ടു. അവിടെ സൂക്ഷിച്ച 600 രൂപ 1112 തോക്കുകൾ, 6 പെട്ടി വെടിമരുന്ന് എന്നിവ കൊള്ളയടിക്കപ്പെട്ടു. (മലബാർ മാന്വൽ വാല്യം 1 ബ്രിട്ടീഷ് സുപ്രീമസി)

## പുൽപ്പള്ളി മുരിക്കക്ഷേത്ര സമരാഹ്വാനം



Scanned with CamScanner

പുൽപ്പള്ളിയിലെ മുരിക്കക്ഷേത്രത്തിൽ വച്ച് എടച്ചന കുങ്കൻ ഒരു യോഗം വിളിച്ചുകൂട്ടി. പനമരം സംഭവം നൽകിയ ഊർജ്ജത്തിൽ വയനാട്ടിലെ പരദേവതമാരുടെയും പുൽപ്പള്ളി മുരിക്കന്മാരുടെയും നാമത്തിൽ ആയുധമെടുത്ത് പോരാടാൻ ആവശ്യപ്പെട്ടു. ഈ യോഗത്തിൽ 3000 പേർ പങ്കെടുത്തു എന്നും 5000 പേർ പങ്കെടുത്തുവെന്നുമെല്ലാം വ്യത്യസ്തമായ അഭിപ്രായങ്ങൾ പറയുന്നു.

ഈ പ്രക്ഷോഭക്കാരിൽ അഞ്ഞൂറുപേർ ഒഴിയെയുള്ളവർ വള്ളിയൂർക്കാവിലും മൈസൂർപ്പാതയിലുള്ള എടപ്പടിയിലും കേന്ദ്രീകരിച്ചു.

എടച്ചനകുങ്കന്റെ സഹോദരൻ നൂറ് ആളുകളെ കൂട്ടി പേര്യ ചുരത്തിനു കാവൽ നിന്നു. മരവും പാറക്കഷണങ്ങളുപയോഗിച്ച് പാൽച്ചുരം തടസ്സപ്പെടുത്തി. 25 പേർ അവിടെ കാവൽ നിന്നു. തലപ്പുഴ, തിണ്ടുമ്മൽ മുതൽ വള്ളിയൂർക്കാവ് വരെ വിപ്ലവകാരികൾ പോസ്റ്റുകൾ സ്ഥാപിച്ചു. (മലബാർ മാന്വൽ വാല്യം 1 ബ്രിട്ടീഷ് സുപ്രീമസി)

കുപ്പത്തോട് നായമ്മാർ കുറിച്യനായർപ്പടക്കൊപ്പം ചേർന്നു. കമ്പനി അനുയായികളായ് തുടർന്ന വെണ്ണിയോട്ടെ തരകന്മാർ കാടുകയറി രക്ഷപ്പെട്ടു.

## മാനന്തവാടി – മൈസൂർ പാത ഉപരോധം

ഒക്ടോബർ 27 നു ശ്രീരംഗപട്ടണത്ത് നിന്നും കാക്കനം കോട്ട വഴി വന്ന ക്യാപ്റ്റൻ ഗർണലിന്റെ നേതൃത്വത്തിലുള്ള 200 മൈസൂരിയൻ കുതിരപ്പട്ടാളക്കാരും കാലാളുകളും എടച്ചന കുങ്കനാൽ ആക്രമിക്കപ്പെട്ടു. കുതിരകൾ മൊത്തമായ് ചത്തൊടുങ്ങുകയും പട്ടാളക്കാർ രക്ഷപ്പെടുകയും ചെയ്തു.

## 1802 നവംബർ 12 നു പ്രക്ഷോഭകാരികൾ കൊല്ലപ്പെടുന്നു

നവംബർ 12 നു ബാവലിപ്പുഴയുടെ തീരത്ത് വച്ച് വലിയ പോരാട്ടം നടന്നു. 9 പ്രക്ഷോഭകർ കൊല്ലപ്പെട്ടു. 18 പേർക്ക് മുറിവേറ്റു. ക്യാപ്റ്റർ ഗർണലിനു രക്ഷപ്പെടാൻ പോഷക സൈന്യങ്ങളുടെ സേവനം വേണ്ടിവന്നു.

ഇതേസമയം കേണൽ ബൽസ്, കേണൽ ലോറൻസ്, മേജർ ഹൗധൻ എന്നിവർ നിരവധി സേനാനീക്കങ്ങളും ആക്രമണങ്ങളും നടത്തി വിപ്ലവകാരികളെ ഒന്നടങ്കം ഇല്ലാതാക്കിയെന്നും സമാധാനം പുന:സ്ഥാപിച്ചുവെന്നും രേഖകളിൽ എഴുതി. (മലബാർ മാന്വൽ വാല്യം 1 ബ്രിട്ടീഷ് സുപ്രീമസി)

## വയനാട്ടിൽ കമ്പനിസൈന്യം ശക്തി പ്രാപിക്കുന്നു

കുറിച്യരുടെ ഒളിയുദ്ധങ്ങൾ അത്യധികം മാരകവും നാശശേഷിയുള്ളതുമാണെന്ന് തിരിച്ചറിഞ്ഞ കമ്പനി, ഈ ഗൊറില്ലായുദ്ധമുറയെ നേരിടാൻ സൈന്യത്തെ ശക്തമായ് തന്നെ ഒരുക്കിയെടുത്തു.

1200 കോൽക്കാർക്ക് പ്രത്യേക പരിശീലനം നൽകി 1804 ൽ ജനു



Scanned with CamScanner

വരി 30 നു കേണൽ മക്ലോയ്ഡ്, പ്രിൻസിപ്പൽ കലക്ടർ വാർഡൻ എന്നിവർ ചേർന്ന് മദിരാശി റെജിമെന്റിലെ ഒരു വിഭാഗം പട്ടാളക്കാരെ പനമരത്തേക്ക് മാർച്ച് ചെയ്ത് സൈന്യശക്തി വെളിപ്പെടുത്തി. 2152 നോൺ കമ്മീഷൻസ് സൈനികരെ വയനാട്ടിൽ സ്ഥിരമായും പനമരത്ത് 100 പട്ടാളക്കാരെയും മാനന്തവാടി, ലക്കിടി എന്നിവിടങ്ങളിൽ ഒന്നാം ബറ്റാലിയൻ 12-ാം റെജിമെന്റിലെ 308 പട്ടാളക്കാരെയും ക്യാപ്റ്റൻ വാട്സന്റെ കീഴിൽ 800 കോൽക്കാരെയും വനയാടൻ പ്രക്ഷോഭങ്ങൾ അടിച്ചമർത്താനായി ഒരുക്കി നിർത്തി.

### കേണൽ ജോൺ മോണ്ടിസോറിന്റെ 1803 ജനുവരി 19ലെ വിളംബരം

ഈ വിളംബരത്തിലൂടെ കലാപത്തിലേർപ്പെട്ട കുറിച്ച്യരെയും കർഷകരെയും മറ്റ് നായന്മാരെയും ഭയപ്പെടുത്താനുള്ള ശ്രമമാണ് ജോൺ മോണ്ടിസോർ നടത്തിയത്. ഇത് പ്രകാരം ബ്രിട്ടീഷ് സർക്കാരിനെതിരായി ആയുധമുപയോഗിക്കുന്നവരെയും കലാപകാരികളെയും വിചാരണ ചെയ്ത് ശിക്ഷിക്കുമെന്ന് മുന്നറിയപ്പ് നൽകി. കൂടാതെ കുറ്റവാളികൾക്ക് വധശിക്ഷ നൽകുമെന്നും ഈ വിളംബരം പറഞ്ഞു. (മലബാർ മാന്വൽ വില്യം 1 ബ്രിട്ടീഷ് സുപ്രീമസി)

### കുറിച്ച്യ പൂപ്പൻ യോഗിമൂല മാച്ചാൻ പിടികിട്ടാപുള്ളിയായ് പ്രഖ്യാപിക്കപ്പെടുന്നു

1804 ജൂൺ 16 നു മേജർ മക്ലിയോഡ് ഒരു വിളംബരത്തിലൂടെ പഴശ്ശിരാജാവിനെയും സഹായികളായ 12 പേരെയും പിടികിട്ടാപുള്ളികളായി പ്രഖ്യാപിച്ചു. ഇവരെ പിടിച്ചു നൽകുന്നവർക്ക് പാരിതോഷികങ്ങൾ നൽകുമെന്നും ഈ വിളംബരത്തിലൂടെ ജനങ്ങളെ അറിയിച്ചു. എടച്ചനകുങ്കനും പള്ളൂർ എമ്മാനും കാർവേരിയള്ളി കണ്ണനുമൊക്കെയുള്ള ഈ ലിസ്റ്റിൽ 11-ാംമതായി കാണുന്ന പേര് കുറിച്ച്യതലവനായ യോഗിമൂല മാച്ചന്റേതാണ്. വീരകേരളവർമ്മയ്ക്ക് 3000/ പഗോഡ വിലയിട്ടപ്പോൾ യോഗിമൂലമാച്ചാന് 300 രൂപ പഗോഡയാണ് സമ്മാനത്തുക വാഗ്ദത്തം ചെയ്തിരിക്കുന്നത്. ഇവരെ പിടികൂടാൻ കഴിഞ്ഞില്ലെങ്കിലും കലാപകാരികളെപ്പറ്റി വിവരം നൽകിയാൽ പകുതി പണം നൽകുമെന്നും മക്ലിയോഡ് പ്രഖ്യാപിച്ചു. യോഗിമൂലമാച്ചാന്റെയും മറ്റ് കലാപകാരികളുടെയും ഭൂമിയും സ്വത്തും ഈ വിളംബരത്തിലൂടെ സർക്കാരിലേക്ക് പിടിച്ചെടുത്തു.

(ലഫ് കേണൽ മക്ലിയോഡ് വിളംബരം, 16 ജൂൺ 1805)

### കുറിച്ച്യ വീരൻ പഴശ്ശിയുടെ ജീവൻ രക്ഷിക്കുന്നു

ലക്കിടി ചുരത്തിനു അടുത്തുള്ള വനത്തിൽ പഴശ്ശിരാജാവും സംഘവും താവളമടിച്ചിരുന്ന വിവരം വാർഡൻ അറിയുകയും പഴശ്ശിയെ പിടികൂടാൻ തന്റെ കോൽക്കാരെ അങ്ങോട്ടയക്കുകയും ചെയ്തു. സെ



Scanned with CamScanner

പ്തംബർ 6 നു പുലർച്ചെ ഇത് നടക്കുമ്പോൾ പെരുമഴയായിരുന്നു. പഴശ്ശി താമസിച്ച കാവൽപ്പുരയ്ക്ക് കാവൽ നിന്നിരുന്ന ഒരു കുറിച്ച്യപോരാളി മുന്നറിയിപ്പായി അമ്പെയ്തു. ഇത് പഴശ്ശിക്ക് രക്ഷപ്പെടാൻ വഴിയൊരുക്കി. കോൽക്കാർ വെറുതെയിരുന്നില്ല. വെടിവെപ്പും ആക്രമണവും നടത്തി പഴശ്ശിയുടെ അനുചരന്മാരെ മുറിവേൽപ്പിച്ചു. രണ്ട് പേരെ തടവിലാക്കി. 13 തിരത്തോക്ക്, 4 വാളുകൾ, 500 പഗോഡ സ്വർണ്ണവും മറ്റും പട്ടാളക്കാർ കണ്ടെടുത്തു. (മലബാർ മാന്വൽ വാല്യം ഒന്ന് ബ്രിട്ടീഷ് സുപ്രിമസി)

## തലയ്ക്കൽ ചന്തു പിടികൂടപ്പെടുന്നു

പഴശ്ശിരാജാവ് ടി.എച്ച്. ബേബറുടെ പിടിയിലകപ്പെടുന്നതിനു മുമ്പെ തന്നെ കുറിച്ച്യവീരനും നേതാവുമായ ചന്തു ബേബറുടെ പിടിയിൽ അകപ്പെട്ടു. ബേബറുടെ വയനാട്ടിലെ ഔദ്യോഗിക ജീവിതം ആരംഭിക്കുന്നതിന്റെ ആദ്യ അവസരത്തിൽ തന്നെയാണ് ചന്തു പിടിയിലായത്. പ്രിൻസിപ്പൽ കലക്ടർ തോമസ് വാർഡന് ബേബർ ഇങ്ങനെയെഴുതി.

"വയനാട്ടിൽ എന്റെ ഔദ്യോഗിക ജീവിതം ആരംഭിച്ച അവസരം തന്നെ കലാപകാരികളിൽ ഏറ്റവും ഭയങ്കരനായ തലക്കൽ ചന്തുവെന്ന കുറിച്ച്യനെ പിടികൂടിയ ആവേശകരമായ വസ്തുതയും അതിന്റെ അനന്തരഫലമായി തന്റെ വലതുകൈ നഷ്ടപ്പെട്ടുവെന്ന് എടച്ചന കുങ്കൻ പ്രസ്താവിച്ചതും ഞാനെഴുതിയിരുന്നത് കൂടുതൽ വിജയം കൈവരിക്കാനുള്ള പ്രതീക്ഷകൾ താങ്കളിൽ ഉയർത്തിയിരിക്കണം"

തലയ്ക്കൽ ചന്തു ഭയങ്കരനായ യോദ്ധാവായിരുന്നു എന്നതിൽ ബേബർക്കും സംശയമുണ്ടായിരുന്നില്ല. ചന്തുവിനെ പിടികൂടിയത് പോരാളികൾക്കിടയിലെ ആത്മവീര്യത്തെ കെടുത്തുവാനുള്ള ഉപാധികൂടിയാക്കിയെടുത്തു. ബുദ്ധിശാലിയായ ബേബർ, കലക്ടർ വാർഡൻ പുറപ്പെടുവിച്ചിരുന്ന നിരോധനാജ്ഞ ലംഘിക്കാതെയാണ് ചന്തുവിനെതിരായ ശിക്ഷാക്രമങ്ങൾ കൈക്കൊണ്ടത്. ചന്തുവിനെയും അദ്ദേഹത്തെ പിടികൂടാൻ സഹായിച്ച കോൽക്കാരെയും ചന്തുവിന്റെ വിവരങ്ങൾ ചോർത്തി നൽകിയ വിശ്വസ്തസേവകനായ കുറിച്ച്യൻ കേളപ്പനെയും ബേബർ തന്റെ കച്ചേരിയിൽ വിളിച്ചുവരുത്തി. നാട്ടുകാരെ കച്ചേരിയിൽ കൊണ്ട് വന്ന് ബ്രിട്ടീഷ് ഗവൺമെന്റിന്റെ ലക്ഷ്യമെന്താണെന്ന് മനസ്സിലാക്കിക്കുകയായിരുന്നു ബേബറുടെ ലക്ഷ്യം. ചന്തുവിനെ പിടിച്ച കോൽക്കാർക്ക് സമ്മാനവും, ഒറ്റിയ കുറിച്ച്യൻ തൊണ്ടർനാട്ടിലെ കേളപ്പന് സ്വർണ്ണവും വളയും കച്ചേരിയിൽ വച്ച് ബേബർ സമ്മാനിച്ചു. ചന്തു ചെയ്ത കുറ്റങ്ങളുടെ ഭയാനകത പരസ്യമായി വിവരിക്കുകയും ഇതിൽ പ്രതി ബേബർ നാട്ടുകാരെ ഭീഷണിപ്പെടുത്തുകയും ചെയ്തു.

## പഴശ്ശി കൊല്ലപ്പെടുന്നു

പഴശ്ശിയുടെ ഒളിത്താവളം കണ്ടെത്തിയ ബേബർ മാവിലാംതോടിന്റെ കരയിൽ വച്ച് മിന്നലാക്രമണം നടത്തി. കല്പിള്ളി പുലാപ്ര



Scanned with CamScanner

കണാരമേനോൻ വലങ്കയ്യായി നിന്നു. ഒരു കമ്പനി ശിപായ് രാജാവിനെ വെടിവെച്ചുകൊന്നു. (മലബാർ മാന്വലൽ വാല്യം 1 ബ്രിട്ടീഷ് സുപ്രീമസി).

### 1812 ലെ കലാപം

## കുറിച്ച്യ വിപ്ലവത്തിന്റെ കാരണങ്ങളും പശ്ചാത്തലവും

1812 ൽ കുറിച്ച്യരുടെയും കുറുമരുടെയും നേതൃത്വത്തിൽ പൊട്ടിപ്പുറപ്പെട്ട കലാപത്തെ 1812 ലെ കുറിച്ച്യകലാപം എന്നാണ് വിളിക്കുന്നത്. കുറിച്ച്യർക്കും കുറുമർക്കുമൊപ്പം തദ്ദേശീയരായിരുന്ന നായന്മാരും കർഷകരും മറ്റു ജനവിഭാഗങ്ങളും ഒന്ന് ചേർന്ന് ബ്രിട്ടീഷ് മേൽക്കോയ്മയ്ക്കും അധികാര വിനിയോഗത്തിനുമെതിരായി സുദൃഢവും ശക്തവുമായ വിപ്ലവം അഴിച്ചുവിട്ടു.

പഴശ്ശിരാജാവിന്റെ മരണശേഷം ബ്രിട്ടീഷ് അപ്രമാദിത്തം അതിന്റെ എല്ലാ അർത്ഥത്തിലും വയനാടിനെയും വയനാടൻ ജനതയെയും കഷ്ടത്തിലാക്കിയിരുന്നു. പഴശ്ശിക്കൊപ്പം യുദ്ധം ചെയ്തിരുന്ന കുറിച്ച്യ കുറുമ വിഭാഗക്കാർക്ക് എതിരെ കൂടുതൽ വിനാശകരമായ നടപടികൾ ഗവൺമെന്റ് ആരംഭിച്ചു. സ്വത്തുക്കൾ കണ്ടുകെട്ടൽ, അവഹേളനങ്ങൾ, വിവിധതരം ഉപജാപങ്ങൾ, പ്രശ്നങ്ങൾ എന്നിവയ്ക്കെല്ലാം ഇവർക്ക് വിധേയമാകേണ്ടിയും വന്നു. ഇതിനു കാരണക്കാരായിരുന്നത് പട്ടാളക്കാരും റവന്യൂ വകുപ്പ് ഉദ്യോഗസ്ഥരുമാണ്. അന്യായമായി ഉയർന്ന നികുതി ചുമത്തലാണ് ഈ പീഢനങ്ങളിൽ മുഖ്യമായത്. പട്ടാളക്കാർക്ക് തിന്നാനും രസിക്കാനുമുള്ള ഉത്പന്നങ്ങൾ ബലാത്കാരമായി ശേഖരിക്കുന്നതും അതോടൊപ്പമുള്ള ഉപദ്രവങ്ങളും വേറെ. തോമസ് വാർഡൻ തന്നെ വയനാട്ടിലെ ജനതയുടെ കഷ്ടപ്പാടിനെ പറ്റി എഴുതിയിരുന്നുവെങ്കിലും വാർഡന്റെ തന്നെ തെറ്റായ നികുതി നിർണ്ണയവും ഭരണപരിഷ്ക്കാരങ്ങളുമാണ് ഇതിനുള്ള യഥാർത്ഥ കാരണം. മക്ലിയോഡിന്റെ ചൂഷണകരമായ നിയമങ്ങളിൽപ്പെട്ടുഴലുന്നവരുടെ തലയിൽ 10% അധിക നികുതി വർദ്ധനവ് വാർഡൻ നടപ്പിലാക്കി. ഉയർന്ന വിഭാഗങ്ങൾക്ക് ചുരുങ്ങിയ കരവും താഴെ തട്ടിലെ കർഷകർക്ക് വലിയ കരവുമാണ് ഏർപ്പാടാക്കിയത്. ഇതിനുപുറമെ മരം, ഉപ്പ്, പുകയില എന്നിവയൊക്കെ കമ്പനി സർക്കാറിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലും കുത്തകയിലുമായി. വാറ്റുചാരായം, കള്ള്ചെത്ത് എന്നിവയ്ക്ക് നികുതിയാരംഭിച്ചു. ഇതിനാൽ പൊതു ജനങ്ങൾ ആവശ്യസാധനങ്ങൾക്ക് പോലും അമിതവില കൊടുക്കേണ്ടിവന്നു.

മറ്റൊരു കാരണം നികുതി പിരിവുകാരുടെ തെറ്റായ പിരിവ് രീതികളാണ്. അന്യായമായ തുകകൾ സ്വാർത്ഥവും സ്വകാര്യവുമായ താത്പര്യത്തോടെയും കർഷകരിൽ നിന്നും നിന്ദ്യമായ രീതിയിൽ തന്നെ പിടിച്ചു പറിച്ചു. നികുതി വീഴ്ചയ്ക്ക് കടുത്ത ശിക്ഷകളും ജപ്തികളും കണ്ടുകെട്ടലും നടന്നു. ഇവയൊക്കെ കടുത്ത ചൂഷണത്തി



Scanned with CamScanner

ന്റെ ലക്ഷണങ്ങൾ മാത്രമാണ്. ബേബർ വാർഡനുള്ള കത്തിൽ ഈ ചൂഷണത്തിനെതിരായുള്ള ആശങ്കകൾ പങ്കുവെച്ചു. കഴിഞ്ഞ രണ്ട് കൊല്ലത്തിനിടെ താങ്കളുടെ പ്രവൃത്തിയാൽ കണ്ടുകെട്ടിയ വസ്തുക്കളുടെ പട്ടികയിൽ കിണ്ടികൾ, തളികകൾ, ഉരുളികൾ, വിളക്കുകൾ തുടങ്ങി കാർഷികോപകരണങ്ങളും 104 കന്നുകാലികളെയും കാണാം. പിരിഞ്ഞു കിട്ടാനുള്ളത്, ഈ ആവശ്യ വസ്തുക്കളുടെ വില നോക്കുമ്പോൾ നിസ്സാരമായ എണ്ണൂറ്റിച്ചില്യാനം രൂപ മാത്രം. ഇത്തരമൊരു സമ്പ്രദായം നിലനിൽക്കാൻ പോകുന്നില്ല. അമിത കണ്ടുകെട്ടലിനു പുറമെ ഉദ്യോഗസ്ഥരുടെ നെറികെട്ട പെരുമാറ്റം ഭയാനകമായിരുന്നു. സമൂഹത്തിലെ എല്ലാതരം മനുഷ്യരെയും അപമാനിക്കുകയും ഉപദ്രവിക്കുകയും ചെയ്തു. പഴയ ബ്രിട്ടീഷ് രേഖകളിൽ ഉദ്യോഗസ്ഥ വൃന്ദത്തിന്റെ വീടാക്രമണം, അനധികൃത ജപ്തി, വസ്തു വിൽപ്പന സംബന്ധിച്ച് അനേകം കേസുകൾ നിലനിൽക്കുന്നതായി കാണാം.

മറ്റൊന്ന് ഗോത്രപരമായ വിലക്കുകളെ ഉല്ലംഘിക്കലാണ്. കുറിച്യ്യ സമുദായക്കാരോടുള്ള കടുത്ത വെറുപ്പ് ഉള്ളിൽ വെച്ച ഉദ്യോഗസ്ഥർ നിന്ദാകരമായി തന്നെ പെരുമാറി. അവരെ തങ്ങളുടെ അടിമവേലകൾക്ക് ഇരയാക്കി. "അവരുടെ മുടി മുറിക്കുകയും നിക്ഷിദ്ധമായ ഭക്ഷണം കഴിപ്പിക്കുകയും കളങ്കപ്പെടുത്തുകയും ചെയ്തുകൊണ്ട് അവരെ ജാതി ഭ്രഷ്ടരാക്കി" എന്ന് ബേബർ എഴുതി. ഇതിനെ എതിർത്തവർക്ക് ക്രൂരമായ ശിക്ഷ ലഭിച്ചു.

ബേബർ ഇതിനെതിരായി വാർഡനും, സെന്റ് ജോർജ്ജ് ഫോർട്ടിലെ ഗവൺമെന്റിനും എഴുതിയെങ്കിലും യാതൊരു വിധ നടപടിയും ഗവൺമെന്റ് കൈക്കൊണ്ടില്ല. മറ്റൊന്ന്, അവമതിക്കപ്പെട്ട ജനത തങ്ങളുടെ ഗോത്രദൈവങ്ങളോട് പ്രശ്നങ്ങൾ ചർച്ച ചെയ്തതും വെളിച്ചപ്പാട് രൂപത്തിൽവന്ന് ദൈവം അവർക്ക് രക്ഷാമാർഗ്ഗം നൽകിയതുമാണ്. വെളിച്ചപ്പാട്, ഇംഗ്ലീഷുകാർ തെറ്റുകാരാണെന്ന് വെളിച്ചപ്പെട്ടപ്പോൾ കുറിച്ച്യർക്കിടയിൽ അവരോടുള്ള എതിർപ്പ് ശക്തമായി.

1812 ൽ തിരുവിതാംകൂറിൽ യുറോപ്യൻ ഉദ്യോഗസ്ഥരെയും തിരുവിതാംകൂർ ഉപവിഭാഗത്തിലുള്ളവരെയും കൊലപ്പെടുത്താനായി നടന്ന കൊല്ലം ലഹളയുടെ സൂത്രധാരനിൽ പ്രധാനിയായ ഫക്കീർ വയനാട്ടിലെ വിപ്ലവസമയത്ത് അവിടെയെത്തിയെന്ന് കേണൽ വിൽസൺ പറയുന്നു.

തിരുവിതാംകൂർ വിപ്ലവകാരികളും വയനാട്ടിലെ വിപ്ലവകാരികളും ചേർന്ന് അവമതിക്കവപ്പെട്ട ജനങ്ങളെയും ചൂഷിതരേയും ഗ്രാമീണ ഉദ്യോഗസ്ഥരേയും ചേർത്ത് കലാപത്തിനുള്ള അന്തരീക്ഷം ഒരുക്കി.

### തയ്യാറെടുപ്പ്

തിരുവിതാംകൂറിൽ തടവുകാരനായ യുവപഴശ്ശി രാജ, വട്ടത്തൊപ്പിക്കാർക്കെതിരെയുള്ള സമരത്തിൽ തങ്ങളെ നയിക്കാനായി വയനാട്ടിൽ എത്തിയെന്ന ഒരു കിംവദന്തി ജനങ്ങൾക്കിടയിൽ പരന്നു. വയനാട്ടി



Scanned with CamScanner

ലെ നായന്മാർ, തീയന്മാർ, എന്നിവർ പോരാളികളായ കുറിച്ച്യർ, കുറുമർ എന്നിവരെ പോരാട്ടത്തിനായി തയ്യാറാക്കി. കത്തിയമ്പുകളുടെ കത്തിയുണ്ടാക്കാനാവശ്യമായ ഇരുമ്പ്, പാലത്തിന്റെ ഇരുമ്പുകമ്പികൾ വലിച്ചൂരിയാണ് ഉണ്ടാക്കിയത്. പരദേവതകളുടെ വെളിപാട് പ്രകാരം തങ്ങൾ ബ്രിട്ടീഷുകാർക്കെതിരെ പോരാടേണ്ടതുണ്ടെന്ന് കാണിച്ചും അതിനു തങ്ങളെ സഹായിക്കണമെന്നും പിന്തുണക്കണമെന്നുമഭ്യർത്ഥിച്ചുകൊണ്ട് തങ്ങളുടെ സമുദായംഗങ്ങളായ കോൽക്കാർ, പോലീസുകാർ, റവന്യൂ ഉദ്യോഗസ്ഥർ എന്നിവർക്കൊക്കെ പ്രക്ഷോഭകാരികൾ കത്തയച്ചു. ദൈവനാമത്തിൽ അയക്കപ്പെട്ട ഈ കത്ത് ലഭിച്ചപ്പോൾ 4 പേരൊഴികെ ബാക്കിയെല്ലാവരും പ്രക്ഷോഭകാരികൾക്കൊപ്പം ചേർന്നു.

## കുറിച്ച്യ പ്രക്ഷോഭം ആരംഭിക്കുന്നു

1812 മാർച്ച് 22 നു നല്ലൂർനാട് അംശത്തിലുള്ള തോണിച്ചാലിലെ മലക്കാരിക്കാവിൽ കുറിച്ച്യർ പ്രത്യേക യോഗം കൂടുവാൻ തീരുമാനിച്ചു. കുറിച്ച്യരുടെ ഗോത്ര ദൈവങ്ങളിൽ സുപ്രധാനിയാണ് മലക്കാരി. മലക്കാരിയുടെ അടുത്ത് നിന്നാണ് കുറിച്ച്യർ തങ്ങളുടെ സമുദായങ്ങളെക്കുറിച്ചുള്ള എല്ലാ പ്രശ്നങ്ങളും തർക്കങ്ങളും തീർക്കുന്നത്. വെളിച്ചപ്പാട് ദൈവത്തിന്റെ പ്രതിരൂപമായ് പറയുന്ന നിർദ്ദേശങ്ങൾ അവർ സ്വീകരിക്കുകയും നടപ്പിലാക്കുകയും ചെയ്തുപോന്നു.

അന്യായ നികുതിപിരിവ്, ജപ്തികൾ, വീട്ടുകയറ്റം, അടിമപ്പണി ചെയ്യിപ്പിക്കൽ എന്നീ നിഷ്ഠൂരതകൾക്ക് പുറമെ ജാതി ഭ്രഷ്ടാക്കുന്ന സംഗതികളും സ്ത്രീകളെ ഉപദ്രവിക്കലും കൂടിയായപ്പോൾ കുറിച്ച്യർക്ക് മലക്കാരി ദൈവത്തുണയും നിർദ്ദേശവും ആവശ്യമായി വന്നു. അതിനാലാണ് കുറിച്ച്യപാട് തോണിച്ചാലെ മലക്കാരിക്കാവിൽ തങ്ങൾ ഒരുമിച്ചുകൂടാം എന്ന് കുറിച്ച്യർ തീരുമാനിച്ചത്.

മാനന്തവാടി താലൂക്ക് അധികാരികൾക്ക് ഈ കൂട്ടംചേരലിനെക്കുറിച്ച് വിവരം ലഭിക്കുകയും പ്രസ്തുത യോഗത്തിന്റെ വിവരങ്ങൾ അറിയാനും നിരീക്ഷണത്തിനും അവർ ഔദ്യോഗികമായി കുറച്ചു കോൽക്കാരെ അഥവാ സ്വദേശീയരായ പോലീസുകാരെ അയക്കുകയും ചെയ്തു.

കോൽക്കാർ നിരീക്ഷിക്കുക മാത്രമല്ല ചെയ്തത്. കുറിച്ച്യരുടെ സംഘശക്തിയെ ഇല്ലാതാക്കുവാനുള്ള പരിശ്രമവും ചെയ്തു. യോഗം കൂടാൻ പാടില്ലെന്നും എല്ലാവരും പിരിഞ്ഞുപോകണമെന്നും അവരാവശ്യപ്പെട്ടു എന്നാലിത് ആരും തന്നെ വകവെച്ചില്ല. ബ്രിട്ടീഷ് അനുയായികൾ ബലമായി ഈ കൂട്ടത്തെ പിരിച്ചുവിടാൻ ശ്രമിച്ചപ്പോൾ സംഘം അക്രമാസക്തരായി. അവർ കോൽക്കാരെ തിരിച്ചാക്രമിച്ചു. കുറിച്ച്യരുടെ സംഘ ശക്തിക്കു ആക്രമണോത്സുകതയ്ക്കും മുമ്പിൽ പിടിച്ചു നിൽക്കാനാകാതെ കോൽക്കാർ തിരികെ രക്ഷപ്പെടുവാൻ ശ്രമിച്ചു. കുറിച്ച്യരുടെ അമ്പേറ്റ് മൂന്ന് കോൽക്കാർക്ക് പരിക്ക് പറ്റി. ബദലായ് നടത്തിയ വെടിവെപ്പിൽ ഏതാനും കുറിച്ച്യർക്കും വെടി



Scanned with CamScanner

യേൽക്കുകയും ചെയ്തു.

കുറിച്ച്യപടയുടെ ശക്തിയും യുദ്ധവീര്യവും നേരിട്ടറിഞ്ഞ മാനന്തവാടിയിലെ സിവിൽ ഭരണാധികാരികൾ, കുറിച്ച്യ പോരാട്ടങ്ങളെ ഭയന്ന് ബേബറെ വിവരമറിയിച്ചു. എന്നാൽ കുറിച്ച്യരെക്കുറിച്ച് നേരിട്ട് അറിവുള്ള ബേബർ, പഴശ്ശിയെ കൊല്ലുവാൻ മുമ്പിൽ നിന്ന പുലാപ്പറ്റ കരുണാകരമേനോനെ ഇതിനായി ചുമതല ഏൽപ്പിക്കുകയും വിളംബരം പുറപ്പെടുവിക്കുകയും ചെയ്തു.

കുറിച്ച്യർ സംഘം ചേരുന്നതും കലാപം നടത്തുന്നതും നിരോധിച്ചുകൊണ്ടുള്ളതായിരുന്നു ഈ വിളംബരം. ഇത് നടപ്പിലാക്കുവാൻ വേണ്ടി കല്പുള്ളി പുലാപ്ര കണാരമേനോൻ അശ്രാന്ത പരിശ്രമം നടത്തി. ഇതിനു സഹായികളായി കോട്ടയം ദറോഗ (ഇൻസ്പെക്ടർ) കണ്ണൻ സുബേദാറുടെ നേതൃത്വത്തിലുള്ള ഒരു സംഘം കോൽക്കാരും ഉണ്ടായിരുന്നു.

കലാപത്തിന്റെ ദിവസങ്ങൾ വന്നുകൊണ്ടേയിരുന്നു. കുറിച്ച്യർ വ്യാപകമായ അക്രമങ്ങൾ നടത്തി. പുൽപ്പള്ളി മുരിക്കന്മാരുടെ ക്ഷേത്രത്തിൽ വച്ച് കമ്പനിക്കെതിരായി പോരാട്ടം നടത്താനുള്ള ആഹ്വാനം കുറിച്ച്യർ ഇറക്കുകയും പ്രക്ഷോഭത്തിന് ഇറങ്ങുകയും ചെയ്തു.

കമ്പനിയുടെ സൈനികർ വയനാട്ടിൽ വരുന്നത് ശ്രീരംഗപട്ടണത്തിൽ നിന്നായിരിക്കുമെന്ന് മുൻകൂട്ടിക്കണ്ട്, കൊയിലേരി-ബാവലി പാതകളിലെല്ലാം കുറിച്ച്യമിറ്റങ്ങൾ കേന്ദ്രീകരിച്ച്, ഒളിയാക്രമണത്തിനുള്ള കേന്ദ്രങ്ങൾ സ്ഥാപിച്ചു. സന്ദേശങ്ങൾ കൈമാറാനുള്ള ബ്രിട്ടീഷുകാരുടെ തപാലോട്ടങ്ങൾ തടസ്സപ്പെടുത്തി സന്ദേശ ഉരുപ്പടികൾ കൈക്കലാക്കി.

കരുണാകരമേനോൻ, ഏപ്രിൽ 2 നു രാവിലെ കലാപകാരികൾക്ക് താക്കീത് നൽകാൻ ഹവീൽദാർ കണ്ടൻകുട്ടി നായരെയും 22 കോൽക്കാർ സംഘത്തെയും അയച്ചു. അവരാരും തിരികെ വന്നില്ല. ഏപ്രിൽ നാലിന് സുബേദാർ (ദഗോഗ) കണ്ണൻ നായർ, മാപ്പിള കോൽക്കാർ നേതാവ് സുബേദാർ ആമുട്ടി എന്നിവരും 70 കോൽക്കാരും ചേർന്ന് പുതിയെടം കുന്നിലെത്തി. പ്രക്ഷോഭകാരികളെ പ്രകോപനമില്ലാതെ വെടിവെച്ച് വീഴ്ത്തി. 10 കോൽക്കാർ കൊല്ലപ്പെട്ടു സുബേദാർ കണ്ണൻ നായർക്ക് പരിക്കേറ്റു. കലാപകാരികളെക്കുറിച്ചുള്ള ഒരു വിവരങ്ങളും ലഭ്യമല്ല.

ഇതേ സമയം ലഫ്. ഫൈബിന്റെ നേതൃത്വത്തിൽ വന്ന പട്ടാളക്കാരെ കുറ്റ്യാടി ചുരത്തിൽ വച്ച് കുറിച്ച്യർ ആക്രമിച്ച് അവരുടെ ആയുധങ്ങളും ഭാണ്ഡങ്ങളും കൈക്കലാക്കി.

ഇവരെ സഹായിക്കാനായ് അവശേഷിക്കുന്ന കോൽക്കരെയും കൊണ്ട് കണാരമേനോൻ കുറ്റ്യാടിചുരത്തിലേക്ക് പോവുകയും വഴിക്കുവെച്ച് കോറോത്തങ്ങാടിയിൽ വച്ച് പാട്ടാളത്തെ കണ്ടുമുട്ടുകയും ചെയ്തു.

എന്നാൽ, മാനന്തവാടിക്കുന്ന് കലാപകാരികൾ വളഞ്ഞുവെന്ന വി



Scanned with CamScanner

വരമറിഞ്ഞ് കണാരമേനോനും സൈന്യവും അങ്ങോട്ട് പോവുകയും കലാപകാരികൾ ഉപരോധം നിർത്തുകയും ചെയ്തുവത്രെ.

വയനാട്ടിലേക്കുള്ള വഴികളും ചുരങ്ങളും തന്ത്ര പ്രധാന കേന്ദ്രങ്ങളും കലാപകാരികളുടെ പിടിയിലായി. കുറ്റ്യാടി ചുരത്തിൽ മാത്രം 200, 300 സ്വാതന്ത്ര്യദാഹികളായ വിപ്ലവകാരികൾ ഉണ്ടെന്ന് ബേബർ 1812 ഏപ്രിൽ 1 നു റിപ്പോർട്ടു ചെയ്തു.

ശ്രീരംഗപട്ടണത്ത് നിന്നും കേണൽ ജെയിംസ് വെൽഷ് മൈസൂർ-ഹെഗ്ഡെദേവൻ കോട്ട വഴി മാനന്തവാടി കേന്ദ്രത്തിൽ എത്തി. ഇതിന് ബാവലിയിൽ വച്ച് ചില തടസ്സങ്ങളുണ്ടായി എങ്കിലും അതെല്ലാമവർ മറികടന്നു.

ഇതിനിടെ പ്രധാനപ്പെട്ട കോൽക്കാർ സ്റ്റേഷനുകളായ, പുറക്കാടി, ഗണപതിവട്ടം, നെല്ലിയാളം ആക്രമിക്കുവാൻ പദ്ധതിയിട്ടതായ രഹസ്യവിവരം, പട്ടാളത്തിന് കിട്ടി. പട്ടാളത്തെ മൂന്നു സംഘമാക്കി പുതിയെടം കുന്ന്, മുദ്രമൂല, ബാവലി എന്നിവിടങ്ങളിൽ തയ്യാറാക്കി. കേണൽ വെബർ, ജയിംസ് വെൽഷ്, ക്യാപ്റ്റൻ ജയിംസ് എന്നിവരായിരുന്നു നേതാക്കൾ.

കേണൽ വെൽഷ്, കണാരമേനോൻ, 200 പട്ടാളക്കാർ ഏപ്രിൽ 18 നു ഗണപതിവട്ടത്തേക്ക് യാത്രയായി. പുറക്കാടിയിലെത്തിയപ്പോൾ തന്നെ ഗണപതിവട്ടം സ്റ്റേഷൻ പ്രക്ഷോഭകാരികൾ വളഞ്ഞ വിവരം കേട്ട് എൺപത് പട്ടാളക്കാർ ക്യാപ്റ്റൻ ജയിംസും ഏതാനും കോൽക്കാരും അങ്ങോട്ട് പോയി. പട്ടാളസംഘങ്ങളെ കണ്ട് ആക്രമികൾ കോട്ടയുപേക്ഷിച്ച് ഓടി. അവരെ പിന്തുടർന്ന് പട്ടാളക്കാർ വെടിവെപ്പാരംഭിച്ചു. ഏറെപ്പേർക്ക് പരിക്കും മൃതിയുമുണ്ടായി. ഈ നടപടി പ്രക്ഷോഭകാരികളുടെ ആത്മവീര്യം തകർത്തു. കലാപകാരികളെ ചെറുക്കാനുള്ള കമ്പനിയുടെ ശ്രമങ്ങൾ അത്രമേൽ ശക്തമായിരുന്നു. മൈസൂർ അതിർത്തികാവലിനായി ബ്രിട്ടീഷ് പ്രസിഡണ്ട് 200 പേരുള്ള ഗ്രൂപ്പിനെ നിയോഗിച്ചു. ബ്രിട്ടീഷ് രാജാവിന്റെ 80-ാം രജിമെന്റായ ലൈറ്റ് കമ്പനി പീരങ്കിപ്പട, ഫ്ളാഗ് കമ്പനിയിലെ പട്ടാളവിഭാഗങ്ങൾ എന്നിവയൊക്കെ മേജർ ഇ വിഥറാൾ അയച്ചുകൊടുത്തു. കൂടാതെ ലഫ്. കേണൽ വെബറിന്റെ കീഴിൽ 3010 ബറ്റാലിയനും പ്രദേശിക കാലാൾപ്പടയുടെ 510 വിഭാഗവും കണ്ണൂരിൽ നിന്നും നീങ്ങി. ഇവരുടെ സുസംഘടിതമായ പ്രവർത്തനങ്ങളാൽ കലാപകാരികൾ വ്യാപകമായി തുരത്തപ്പെട്ടു. പ്രക്ഷോഭകാരികളോടുള്ള പ്രതികാരം അവരുടെ ബന്ധുക്കളെ തടങ്കലിടുന്നതിനും ദ്രോഹിക്കുന്നതിനും വീടുകൾ തീ വെക്കുന്നതിനും കാരണമായി. ഇത്തരം നിരന്തര അമർച്ചാ പരിപാടികളാൽ പലരും ഗവൺമെന്റിനു അടിയറവ് പറഞ്ഞു. കലാപം ഏതാണ്ട് അവസാനിച്ച മട്ടായി.

## കലാപത്തിനു നേതൃത്വം നൽകിയ പോരാളികൾ

രാമൻതമ്പി, വെൺകേലൻ കേളു, പ്ലാക്ക ചന്തു, മാമ്പിലോട്ട യാമു,



Scanned with CamScanner

ആയിരം വീട്ടിൽ കോന്തപ്പൻ തുടങ്ങിയവർ കുറിച്ച്യരാണോ നായർ സമുദായാംഗങ്ങളാണോ എന്നതിൽ ചരിത്രകാരന്മാർക്ക് അത്ര വ്യക്തതയില്ല. ഒരു വിഭാഗം പേർ ഇവർ കുറിച്ച്യരെന്നും മറ്റൊരുവിഭാഗം അത് ശരിയല്ലെന്നും പറയുന്നു.

## സൈനിക നടപടികൾ അവസാനിക്കുന്നു

1812 മെയ് എട്ടിന് സൈനികനടപടികൾ ഔദ്യോഗികമായി അവസാനിക്കപ്പെട്ടു. പിടികൂടിയ കലാപകാരികളെ തലശ്ശേരികോട്ടയിൽ തടവിലിട്ടു. ശേഷം പ്രിൻസ് ഓഫ് വെയിൽസ് ദ്വീപിലേക്ക് അവരെയെല്ലാം നാടുകടത്തി. എല്ലാ പ്രക്ഷോഭകാരികളെയും സ്വത്തുക്കൾ കണ്ടുകെട്ടാനുള്ള നടപടികൾക്കായി സർക്കാർ ഉത്തരവിട്ടു. കൽപ്പുള്ളി പുലാപ്ര കണാരമേനോന് ഒരു പല്ലക്കും 20 പഗോഡ പ്രതിമാസ ആജീവനനാന്ത അലവൻസും ചീഫ് സെക്രട്ടറി നൽകി.

### റെഫറൻസസ്


1. മലബാർ മാന്യൽ വോള്യം 1 (ബ്രിട്ടീഷ് സുപ്രീമസ്)
2. മിലിറ്ററി റമിനിസൻസ് ഏണൽ ജയിംസ് വെൽഷ്, 1830
3. കണാരമേനോൻ ബാബർക്ക് – മലബാർ ഹജൂർ റെക്കോഡ്സ്
4. ചീഫ് സെക്രട്ടറി 27/10/1812 ലെ ഉത്തരവ്.




Scanned with CamScanner

# കാസർഗോഡിന്റെ ഗോത്രസ്വാതന്ത്ര്യസമരങ്ങൾ

1930 കളിലും 40 കളിലുമായ് അതിശക്തമായ പ്രക്ഷോഭങ്ങളാണ് കാസർഗോഡ് ഗോത്രബെൽറ്റിൽ സംഭവിച്ചത്. മാവിലൻ, കൊറഗർ, മലവേട്ടുവർ, മലകുടിയ, മറാട്ടി എന്നിങ്ങനെ വ്യത്യസ്തങ്ങളായ ഗോത്രവിഭാഗങ്ങൾ അധിവസിക്കുന്ന ഈ പ്രദേശത്ത് നടന്ന സമരങ്ങളിൽ മാവില സമുദായക്കാരാണ് മുഖ്യമായ് പങ്കെടുത്തത്. ബ്രിട്ടീഷ് സാമ്രാജ്യത്വ തേർവാഴ്ചയ്ക്കും അവർക്ക് ദാസ്യവേല ചെയ്തിരുന്ന ഫ്യൂഡൽ ജന്മിത്തത്തിനും എതിരായ നിരന്തരസമരങ്ങൾ ഈ പ്രദേശത്ത് അക്കാലത്ത് സാധാരണമായിരുന്നു. ജന്മിത്തത്തിന്റെ ക്രൂരതകൾക്കിരയായ സാധാരണ കർഷകരും തൊഴിലാളികളും സംഘടിച്ചതും ചൂഷണത്തിനെതിരായ് അവിഭക്ത കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ കീഴിൽ അണിനിരന്നതും കാർഷികസമരങ്ങളിൽ ഏറ്റവും പ്രധാനമായതായി ഈ സമരങ്ങൾ മാറിയതും നാമറിഞ്ഞു. ഇതിന്റെ തലപ്പത്തിരുന്ന നേതാക്കളെയും നമ്മളറിഞ്ഞു. എന്നാൽ യഥാർത്ഥമായി ഈ സമരത്തിൽ പങ്കെടുത്ത കൃഷിക്കാരെയും അടിയാളന്മാരെയുംപറ്റി നാം അറിഞ്ഞതേ ഇല്ല. അവരിൽ ആരുടേയും പേര് പോലും എവിടേയും രേഖപ്പെടുത്തപ്പെട്ടില്ല. ഗോത്രജീവിതത്തിൽ സർവ്വസാധാരണമായ് സംഭവിക്കുന്ന മറവി ഇവരുടെ കാര്യത്തിലും സത്യമായ് ചരിത്രത്തിലെവിടെയും അടയാളപ്പെടാതെ ഗോത്രവർഗ്ഗപോരാളികൾ മാഞ്ഞ് മറഞ്ഞ്പോയി.

കാസർഗോഡ് സമരങ്ങളിൽ പ്രധാനപ്പെട്ടത് കയ്യൂർകാർഷിക സമരമാണ്. സൗത്ത് കാനറ ജില്ലയിലെ ഹോസ്ദുർഗ്ഗിലാണ് കയ്യൂർ എന്ന പ്രക്ഷോഭഗ്രാമം സ്ഥിതി ചെയ്തിരുന്നത്. ഇന്നിത് കാസർഗോഡ് ജില്ലയിലെ ചീമേനി ഗ്രാമപഞ്ചായത്തിൽ സ്ഥിതി ചെയ്യുന്നു. ഭരണപരമായ് സൗത്ത് കാനറ ജില്ലയുടെ കീഴിൽ സ്ഥിതി ചെയ്തിരുന്നതിനാൽ ഇവിടെ മലബാറിലെ ടെനൻസി നിയമം നടപ്പിലുണ്ടായിരുന്നില്ല. ഈ അവസരം മുതലെടുത്ത കമ്പനി തങ്ങൾക്ക് ലാഭകരമായ രീതിയിൽ കൊള്ളനികുതി ചുമത്തി. നാട്ടുരാജാവായ നീലേശ്വരം രാജ ഈ അന്യായ നികുതി പിരിച്ച് കമ്പനിക്ക് നൽകി. ഇതിന്റെ യഥാർത്ഥ ഇരകൾ പാവപ്പെട്ട കർഷകരായിരുന്നു.

ഈ ചൂഷണങ്ങളിൽ നിന്നും ക്രൂരമായ ജന്മിത്തത്തിൽ നിന്നും രക്ഷപ്പെടാനുള്ള അഭിവാഞ്ച കർഷകർക്കിടയിൽ വ്യാപകമായി. 1930 കളിൽ കേരള സമൂഹത്തിൽ രൂപപ്പെട്ട കമ്മ്യൂണിസ്റ്റ് മൂലനയങ്ങൾ കർഷകർക്ക് കരുത്ത് പകർന്നു. എ.കെ. ഗോപാലൻ, ടി.എസ് തിരുമുമ്പ്, പി. കൃഷ്ണപിള്ള എന്നീ നേതാക്കൾ കാർഷികമുന്നേറ്റങ്ങൾക്ക് കരുത്ത് പകർന്നു നേതൃത്വം നൽകി. സാമ്രാജ്യത്വ-ജന്മിത്വ ചൂഷണ കൂട്ടിനെതിരെ ഒരുമിച്ച് പ്രക്ഷോഭങ്ങൾ നടത്തുവാൻ കർഷകർ



Scanned with CamScanner

കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ സഹായത്തോടെ തയ്യാറായി. കൊള്ള നികുതി, വെച്ചുകാണൽ നുരി, മുക്കാൽ, ശീലക്കാശ് എന്നീ അന്യായ പിരിവുകൾ നിർത്തുവാനായുള്ള ശ്രമങ്ങൾ കർഷകർ ആരംഭിച്ചു.

**സമരങ്ങൾ**

വെറും പാട്ടക്കാരനും, ഭൂരഹിത ഗ്രാമീണ കർഷകനുംമായ് ചെറുകിട കൃഷിക്കാർക്കുമൊക്കെ നീതിയുക്തമായ ഒരു തുക മാത്രം നികുതിയായ് ചുമത്താനുള്ള ആവശ്യം ജന്മിക്ക് മുമ്പിൽ അവതരിപ്പിക്കാനുള്ള ശ്രമമായിരുന്നു ആദ്യം. വിളകൾക്ക് താങ്ങ്‌വില നിശ്ചയിക്കുക, ഉദ്യോഗസ്ഥ അഴിമതി ഇല്ലാതാക്കുക, കുറഞ്ഞവിലയ്ക്ക് ഭക്ഷ്യധാന്യം നൽകുക എന്നിവയായിരുന്നു കർഷകരുടെ ആവശ്യങ്ങൾ. 1940 സെപ്തംബർ 15 പ്രതിഷേധ ദിനമായ് ആചരിക്കുവാൻ കേരളപ്രദേശ് കോൺഗ്രസ് കമ്മിറ്റി തീരുമാനിച്ചു. ഈ യോഗം സെപ്തംബർ 12 നു സർക്കാർ നിരോധിച്ചു. ഈ നിരോധനം തള്ളി ക്ഷുഭിതകർഷകൻ എല്ലായിടത്തും സമരജ്വാലകൾ നയിച്ചു. തലശ്ശേരിയിൽ നടന്ന യോഗത്തിൽ നേതാക്കളായ പി. കൃഷ്ണനും, പി.കെ. മാധവനും, കെ. ദാമോദരനും സംസാരിക്കുകയായിരുന്നു. അവിടെ പോലീസ് വെടിവെപ്പ് നടത്തി. ചിലർ കൊല്ലപ്പെട്ടു.

കയ്യൂരിലും സമരം പ്രക്ഷുബ്ധമായിരുന്നു. അക്രമ പിരുവുകൾക്ക് അറുതിവരുത്താൻ 1941 മാർച്ച് 30ന് വിവിധ പ്രദേശങ്ങളിൽ നിന്നും വന്ന കർഷകർ ജാഥയായ് നീലേശ്വരം രാജയ്ക്ക് ആദ്യമേ അയച്ചുകൊടുത്തു. രാജ കർഷകസമരത്തെ ചെറുക്കാൻ സാമ്രാജ്യത്വ ശക്തികളുടെ സഹായം അഭ്യർത്ഥിച്ചു. നീലേശ്വരം കോവിലകം തീവെട്ടിക്കോള്ള നടത്തുകയാണെന്ന് നുണ ബ്രിട്ടീഷുകാർക്ക് സമർപ്പിച്ചു. മാർച്ച് 25 ന് കയ്യൂരിൽ പ്രതിഷേധ സമരം നടത്തിയിരുന്ന കർഷകർക്ക് എതിരായ് പോലീസ് മർദ്ദനമുറകൾ അഴിച്ചുവിട്ടു. കർഷകസംഘം പ്രവർത്തകരായ ടി.വി. കുഞ്ഞമ്പുവിനെയും കുഞ്ഞിരാമനെയും പോലീസ് അറസ്റ്റ് ചെയ്തു.

കർഷകരുടെ പ്രതിഷേധം അതിന്റെ പരകോടിയിലായി പ്രതിഷേധദിനം ആചരിക്കവെ സുബരായൻ എന്ന കോൺസ്റ്റബിൾ സമരക്കാരുടെ കയ്യിലകപ്പെട്ടു. രക്ഷപ്പെടാനായ് പുഴയിൽ ചാടിയെങ്കിലും മദ്യപിച്ചതിനാൽ അയാൾക്ക് രക്ഷപ്പെടാനായില്ല. ഇതിനു പോലീസ് പ്രതികാരം ചെയ്യുമെന്ന് ഭയന്ന് പ്രവർത്തകരെല്ലാം ഒളിവിൽ പോയി. പോലീസ് തങ്ങളുടെ നരനായാട്ട് ആരംഭിച്ചു. എം.എസ്.പി ക്കാരും രാജയുടെ ഗുണ്ടകളും ചേർന്ന് ക്രൂരമായ പീഡനമുറകൾ അഴിച്ചുവിട്ടു. കയ്യൂരിലെ കർഷകക്കുടിലുകൾ തീച്ചുട്ടു. ഭൂരിഭാഗം പേരും മാവില സമുദായക്കാരായിരുന്നു. സ്ത്രീകളും കുട്ടികളും ക്രൂരമായി ആക്രമിക്കപ്പെട്ടു. ഹോസ്ദുർഗിൽ നടക്കുന്ന പോലീസ് തേർവാഴ്ച റിപ്പോർട്ട് ചെയ്ത മാതൃഭൂമി ലേഖകൻ അറസ്റ്റിലായി മർദ്ധനമേറ്റു.



Scanned with CamScanner

## കയ്യൂർ കേസിന്റെ വിധി

കയ്യൂർ സമര സഖാക്കളായ 61 പേർ വിചാരണ നേരിട്ടു. കാഞ്ഞങ്ങാട്, കാസർഗോഡ് ജയിലിൽവച്ച് ഇവർക്ക് കൊടിയ മർദ്ധനം ഏൽക്കേണ്ടിവന്നു. പിന്നീടിവർ മംഗലാപുരം ജയിലിലേക്കയക്കപ്പെട്ടു. അവിടെവെച്ച് കോടതി വിധി പ്രഖ്യാപിക്കുകയും 4 പേരെ വധശിക്ഷക്ക് വിധിക്കുകയും ചെയ്തു. എത്ര ശ്രമിച്ചിട്ടും ഈ വധശിക്ഷകൾ നടപ്പിലാവുക തന്നെ ചെയ്തു. നിരവധി പത്രങ്ങളും ജനപ്രക്ഷോഭങ്ങളുമുണ്ടായിട്ട് യാതൊരു ഫലവുമില്ലാതെ പോയി.

## കയ്യൂർ സമരത്തിൽ മാവിലരുടെ പങ്ക്

കാസർഗോട്ടെ കാർഷിക അടിമകളായിരുന്നു മാവില സമുദായം. ജന്മിക്കുവേണ്ടി ജീവിക്കുകയും പണിയെടുക്കുകയും ചത്തുപോകുകയും വേണ്ടിയിരുന്നവർ. ഈ അടിമ കുടിയാന്മാർക്ക് ജന്മിയിൽ നിന്നും നിർബന്ധിത പിരിവുകൾ നേരിടേണ്ടിവന്നിരുന്നു. ഇതിനു പുറമെ വാരവും പാട്ടവും വാശിയും നുരിയുമെല്ലാം ഇവരുടെ ജീവിതത്തെ ദുസ്സഹമാക്കി. ഇതിനുപുറമെ കളിപ്പണം പുനംകൃഷിക്ക് നൽകുന്ന ശീലക്കാശ്, കുറ്റിപ്പണം, കാട് വെട്ടിത്തെളിക്കുവാൻ നൽകേണ്ടുന്ന കത്ത്യാൾപണം, തീപ്പണം, പൊലിപ്പണം, അടിയങ്കരപ്പണം, ശവപ്പണം, കങ്കാണിപ്പണം, കാലിപ്പണം, കട്ടിപ്പണം എന്നിവയും ഇവർ നൽകേണ്ടിയിരുന്നു. കാട്ടിൽ നിന്നും ശേഖരിക്കുന്നതിനും പ്രത്യേക പണം നൽകേണ്ടിവന്നു. സ്ത്രീകൾക്ക് മാറ് മറക്കാനുള്ള അവകാശം ഇല്ലായിരുന്നു. കടുത്ത പീഢനങ്ങളും നേരിട്ടിരുന്നു. ഇതെല്ലാം മാവിലരെ സംഘടിക്കുന്നതിലേക്ക് നയിച്ചു.

കല്ലളൻ വൈദ്യരായിരുന്നു മാവിലരുടെ നേതാക്കന്മാരിൽ പ്രധാനി. കർഷക സമരത്തിൽ ജനങ്ങളെ അണിനിരത്തുന്നതിൽ അദ്ദേഹം സദാശ്രദ്ധാലുവായിരുന്നു. തന്റെ സമുദായാംഗങ്ങൾ അനുഭവിക്കുന്ന പ്രശ്നങ്ങളിൽ നിന്നും രക്ഷപ്പെടാൻ ഒരുമിച്ച് ചേർന്ന് പ്രവർത്തിക്കണമെന്ന് അദ്ദേഹം നിരന്തരം ആവശ്യപ്പെട്ടു. വിഷവൈദ്യനായതിനാൽ അദ്ദേഹം എല്ലാവരാലും ആദരിക്കപ്പെട്ട വ്യക്തിയായിരുന്നു. ആ പ്രദേശത്തെ ഏക വിഷവൈദ്യൻ എന്ന നിലയിൽ അദ്ദേഹത്തെ കയ്യൂർ സമരത്തിൽ പങ്കെടുത്തതിന് അറസ്റ്റ് ചെയ്തില്ല.

സമരത്തിൽ പങ്കെടുത്ത മറ്റ് മാവില സമുദായാംഗങ്ങൾ മാവ് വളപ്പിൽ ചന്തൻ, തൊട്ടിയിൽ വലിയ ചന്തൻ, മുടിക്കാരൻ രാമൻ, അമ്പൂർ രാമൻ, തൊട്ടിയിൽ ചെറിയ ചന്തൻ, മയിലുവള്ളി രാമൻ, മയിലുവള്ളിപാട്ടി എന്നിവരാണ്.

സഖാക്കന്മാർ ഒളിവിൽ പോയപ്പോൾ കർഷകസംഘത്തിന് കല്ലളൻ വൈദ്യരുടെ കീഴിലായ് ഇവർ നിരവധി ഒളിപ്രവർത്തനങ്ങൾ നടത്തി. നേതാക്കൾക്ക് ജീവിക്കാനാവശ്യമായ ഭക്ഷണവും മറ്റവശ്യവസ്തുക്കളും എത്തിച്ച് കൊടുത്തിരുന്നത് മുകളിൽ പറഞ്ഞ സമര സേനാനികൾ ആയിരുന്നു.



Scanned with CamScanner

രഹസ്യ സന്ദേശങ്ങൾ കൈമാറിയിരുന്നതും ഒളിപ്രവർത്തനങ്ങൾ നടത്തിയിരുന്നതും മാവിലർ തന്നെയായിരുന്നു.

## മാവ് വളപ്പിൽ ചന്തൻ

കയ്യൂർ സമരങ്ങളിൽ പങ്കെടുക്കുകയും പ്രക്ഷോഭങ്ങളിൽ ഭാഗഭാക്കാവുകയും ചെയ്തു. പോലീസിനെ വെട്ടിച്ച് രക്ഷപ്പെടുകയും ചെയ്തു. അതി രഹസ്യമായ പ്രവർത്തനങ്ങളാണ് ഇദ്ദേഹം കാഴ്ച വെച്ചിരുന്നത്. ഒളിവിലിരുന്നിരുന്ന സമരസഖാക്കൾക്ക് രഹസ്യസന്ദേശങ്ങൾ കൈമാറുകയും ചക്കപ്പുഴുക്ക്, മുളതൊട്ടിലിൽ കാപ്പി എന്നിങ്ങനെ ആഹാരസാമഗ്രികൾ എത്തിക്കുകയും ചെയ്തു. ഒരിക്കൽ സന്ദേശവുമായി പോകുന്ന വഴിയ്ക്ക് പോലീസ് പിടികൂടി പിടിക്കപ്പെടുമമെന്നുറപ്പായപ്പോൾ രഹസ്യസർക്കുലർ വായിലിട്ട് ചവച്ച് വിഴുങ്ങി.

കയ്യൂർ സമരത്തിൽ അറസ്റ്റിലാകാതെ രക്ഷപ്പെട്ട മാവ് വളപ്പിൽ ചന്തനെ മാപ്പ് സാക്ഷിയാക്കുവാൻ ബ്രിട്ടീഷ് അധികാരികൾ പരിശ്രമിച്ചു. നീലേശ്വരം സബ്ഇൻസ്പെക്ടർ ചന്തനെ പിടികൂടി സ്റ്റേഷനിൽ കൊണ്ട്പോയി. സാക്ഷി പറയണമെന്നതായിരുന്നു ആവശ്യം. പ്രതിഫലമായി 25 അണ നൽകാമെന്നും പറഞ്ഞു. അതനുസരിക്കുന്നുവെന്ന നാട്യേന ചന്തൻ മംഗലാപുരം കോടതിയിൽ ഹാജരാക്കപ്പെട്ടു. പോലീസ് സാക്ഷിയെ മജിസ്ട്രേറ്റിനു മുമ്പിലെത്തിച്ചു. കോടതിയിൽ ഹാജരായ ചില സമരസഖാക്കളെ അറിയില്ലേ എന്ന് മജിസ്ട്രേട് ചോദിച്ചപ്പോൾ അറിയാമെന്നും ഇവർ കുറ്റം ചെയ്തോ എന്ന ചോദ്യത്തിന് ഇല്ല എന്നും മറുപടി പറഞ്ഞു. കുറേ സഖാക്കൾ കുറ്റവിമുക്തരായി പുറത്തിറങ്ങി. വിറളിപൂണ്ട സബ്ഇൻസ്പെക്ടർ ഭീഷണിയും ആക്രോശവും നടത്തിയിട്ടും ചന്തൻ അതിലൊന്നുംതന്നെ കുലുങ്ങിയില്ല. മനുഷ്യപ്പാട്ടത്തിനെതിരായി നീലേശ്വരം തെക്കേകോവിലകത്തേക്ക് ചന്തനും തന്റെ കൂട്ടാളികളായ മുടിക്കാരൻ രാമൻ, അസൂർ രാമൻ, തൊട്ടിയിൽ ചെറിയ ചന്തൻ, മുടിക്കാരൻ പാല, മൂക്കെപ്പാല, അമ്പൂർ രാമൻ, മയിലുവള്ളിരാമൻ, നരിപിടിയൻ ചന്തൻ, കൊടക്കാൽ കണ്ണൻ എന്നിങ്ങനെ നിരവധി മാവിലർ പ്രക്ഷോഭജാഥ നടത്തി.



Scanned with CamScanner